**അടിയന്തരപ്രമേയം**:

മി. സ്പീക്കർ: സർ, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലൂടെ പവർകട്ടും വൈദ്യുതി നിരക്ക് വർദ്ധനയും നിലവിലുള്ള ഒരുമണിക്കൂർ ലോഡ് ഷെഡ്ഡിംഗിനോടൊപ്പം കടുത്ത വൈദ്യുതി നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നത് സംസ്ഥാനത്തെ കാർഷിക-വ്യവസായ-വാണിജ്യമേഖലകളെയും വൈദ്യുതി ഉപഭോക്താക്കളേയും പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി.എസ്. സുനിൽകുമാർ, മാത്യൂ ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ............(ബഹളം)..................

(അടിയന്തര പ്രമേയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹളമുണ്ടാക്കി)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കഴിഞ്ഞ ദിവസം അടിയന്തര പ്രമേയം ചർച്ച ചെയ്തിട്ട് അതിനുള്ള മറുപടി കേൾക്കാൻ പ്രതിപക്ഷാംഗങ്ങൾ ആരെങ്കിലും ഇവിടെ ഉണ്ടായിരുന്നോ? ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി അനൂപ് ജേക്കബിന്റെ മറുപടി കേൾക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് പറ്റില്ലെങ്കിൽ പിന്നെ എന്താണ് പറയുന്നത്? പ്രതിപക്ഷാംഗങ്ങൾ ജനാധിപത്യ മര്യാദ പാലിക്കേണ്ടതായിരുന്നു. അന്ന് ശ്രീ. അനൂപ് ജേക്ക

ബിന്റെ മറുപടി കേൾക്കാൻ പോലും തയ്യാറാകാതിരുന്നത് വളരെ നിർഭാഗ്യകരമായിപ്പോയി. ഏതുകാര്യവും ചർച്ച ചെയ്യുന്നതിൽ ഈ ഗവൺമെന്റ് എതിരല്ല. മാധവ്-ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വേണമെന്ന് അങ്ങ് ഒരു വാക്ക് പറഞ്ഞതല്ലേയുള്ളൂ, ഞങ്ങൾ അത് സമ്മതിച്ചു. പക്ഷേ, ചർച്ച വേണമെന്ന് പറയുന്നവർ മറുപടി കേൾക്കാൻ തയ്യാറായില്ലെങ്കിൽ വീണ്ടും ചർച്ച ചെയ്യണമെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല.

<u>മി. സ്പീക്കർ</u>: ................(ബഹളം)................ പ്ലീസ്, പ്ലീസ് .......... അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുവാദം കൊടുത്താൽപിന്നെ ബാക്കിയെല്ലാം അതിനുശേഷമുള്ള കാര്യങ്ങളല്ലേ? .............(ബഹളം) .......... പ്ലീസ്, പ്ലീസ് ......... ചില സന്ദർഭങ്ങളിൽ മാത്രം ചട്ടങ്ങൾ മുറുകെ പിടിച്ചിട്ട് കാര്യമില്ല. ഇന്ന് വെള്ളിയാഴ്ചയാണ്, നിയമസഭാംഗങ്ങളുടെ ഏകദേശം ഇരുപതോളം അനൗദ്യോഗിക ബില്ലുകളാണുള്ളത്. സാധാരഗതിയിൽ അടിയന്തരപ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്ന് ചട്ടങ്ങളിൽ കൃത്യമായി പറഞ്ഞിട്ടില്ല. പക്ഷെ എടുക്കുന്നതിനൊക്കെ പരമാവധിയുണ്ട്. അതുകൊണ്ട് അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന അംഗവും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയും അതിനുശേഷമുള്ള സബ്മിഷനും ശ്രദ്ധക്ഷണിക്കലുമെല്ലാം നിയന്ത്രണത്തോടുകൂടി മാത്രമേ നടക്കൂ. ഇന്നു മാത്രമല്ല, എന്നും അങ്ങനെതന്നെയായിരിക്കും. അല്ലെങ്കിൽ സഭയുടെ ബിസിനസ്സ് തീരുകയില്ല. അതുകൊണ്ട് എല്ലാവരുടെയും സജീവമായ

പിന്തുണ ഇക്കാര്യത്തിൽവേണം. ചില സമയത്തുമാത്രം ചില കാര്യങ്ങളിൽ പൊസിഷൻ എടുത്തിട്ട് കാര്യമില്ല. ഇത് സഭയുടെ റിക്വസ്റ്റാണ്.

## വ്യവസായ - കാർഷിക മേഖല നേരിടുന്ന വൈദ്യുതി പ്രതിസന്ധി

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഈ സർക്കാർ ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയെന്നുള്ളത് ശരിയാണ്. കേരളത്തിൽ ഇപ്പോൾ പവർകട്ട് അല്ല ലോഡ് ഷെഡ്ഡിംഗാണ് ഏർപ്പെടുത്തിയിരിക്കുന്നത്. 12-12-2012-ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് ഡയറക്ട് ഫീഡറുകളുള്ള എച്ച്.റ്റി., ഇ.എച്ച്.റ്റി. കൺസ്യൂമേഴ്സ് ഡയറക്ട് ഫീഡർ ഉള്ളവരാണെങ്കിൽ അവർ 75 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ഉപയോഗിച്ചാൽ സാധാരണ ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജിന്റെ ഇരട്ടി തുക ഫൈനായി നൽകണം. അതുപോലെ തന്നെ ഡയറക്ടർ ഫീഡറുകളില്ലാത്ത 80 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന എച്ച്.റ്റി./ഇ.എച്ച്.റ്റി. കൺസ്യൂമേഴ്സ് നോർമൽ റേറ്റിനേക്കാൾ കൂടുതൽ തുക ഫൈനായി നൽകണമെന്നുള്ളതാണ് വ്യവസ്ഥ. അതുപോലെതന്നെ 300 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്ന ആളുകൾ അത്രതന്നെ തുക ഫൈനായി നൽകണമെന്നുള്ളതുമാണ് റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം. ഈ രൂപത്തിലുള്ള വൈദ്യുതി നിയന്ത്രണം വേണമെന്ന് റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതിന്റെ

അടിസ്ഥാനത്തിലാണ് ഇപ്പോൾ ഇങ്ങനെയൊരു തീരുമാനമെടുത്തിരിക്കുന്നത്. റെഗുലേറ്ററി കമ്മീഷന്റെ ആ നിർദ്ദേശം അനുസരിക്കാതെ കൂടുതൽ കൺസംപ്ഷൻ വന്നപ്പോഴാണ് ഇതുപോലെ ഒരു ക്ലോസ് ചെയ്തത്. ഇതൊക്കെ ഇവിടെ മുമ്പും ചെയ്തിട്ടുള്ള കാര്യങ്ങൾ തന്നെയാണ്, പുതുതായുള്ള കാര്യങ്ങളല്ല, ആ കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇടുക്കി പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷവും ഇത്രയധികം ഷോർട്ടേജുള്ള ഒരു കാലമുണ്ടായിട്ടില്ല. അതുകൊണ്ടാണ് ഇത് വേണ്ടിവന്നത്. എന്നാൽതന്നെയും ഇപ്പോൾ അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് രാത്രിയും അര മണിക്കൂർ പകലുമാണുള്ളത്. പക്ഷേ അത് നിലനിർത്താൻ വലിയ വിലകൊടുത്തുകൊണ്ടാണ് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നത്. ഈ നിലയിൽ മുന്നോട്ടുപോവുകയാണെങ്കിൽ ബോർഡിനെ സംബന്ധിച്ചിടത്തോളം വളരെ  പ്രതികൂലമായി ബാധിക്കും. ഇപ്പോൾ പ്രതിമാസം പവർ പർച്ചേസ് ചെയ്യാൻ 700 കോടി രൂപ വേണം. 700 കോടി രൂപയാണ് കേരളത്തിന്റെ റവന്യൂ വരുമാനം. more than cent percent ഇപ്പോൾ വൈദ്യുതി വാങ്ങുന്നതിനുവേണ്ടി ചെവഴിക്കുകയാണ്. ഇതിനെല്ലാം പുറമേ 200 കോടി രൂപയോളം ബോർഡിന് ചെലവ് വരുന്നുണ്ട്. അപ്പോൾ 2400 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റാണ് ഈ നിലയിൽ പോയാൽ ബോർഡിന് വരാൻ പോകുന്നത്. നിവൃത്തിയില്ലാത്തൊരു ഘട്ടമായതുകൊണ്ടാണ് ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടിവന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, വൈദ്യുതി ഉപഭോഗത്തിൽ കടുത്ത നിയന്ത്രണവും നിയന്ത്രണങ്ങൾക്കുമുകളിലുള്ള ഉപഭോഗത്തിന് വലിയ പിഴയും ഏർപ്പെടുത്തിക്കൊണ്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഡിസംബർ 12-ന് ഉത്തരവ് പുറപ്പെടുവിച്ചു. നാളെ മുതൽ അത് പ്രാബല്യ ത്തിൽ വരികയാണ്. ഉപഭോക്താക്കൾക്ക് കടുത്ത ബാദ്ധ്യത സൃഷ്ടി ക്കുന്ന ഈ വർഷത്തെ രണ്ടാമത്തെ ഉത്തരവാണിത്. ഇപ്പോൾ ഉണ്ടായി ട്ടുള്ള ഉത്തരവ് കേരളത്തെ വ്യവസായങ്ങളുടെ ശവപ്പറമ്പാക്കി മാറ്റാൻ പോവുകയാണ്. 199196 വരെ യു.ഡി.എഫ്. ഭരിച്ച കാലത്ത് 100 ശതമാനം പവർകട്ടും മൂന്ന് മണിക്കൂർ ലോഡ് ഷെഡ്ഡിംഗും ആയിരുന്നു. ആ ദിശയിലേക്കാണ് ഇപ്പോഴും കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 4500 കോടി രൂപയുടെ കടമുണ്ടായിരുന്നത് 1500 കോടി രൂപയാക്കി ചുരു ക്കുകയും 3500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളും നടത്തുകയു ണ്ടായെന്നുമാത്രമല്ല, അവസാനത്തെ വർഷം 21 കോടി രൂപയുടെ ലാഭത്തി ലുമാക്കാനും സാധിച്ചു. ഇപ്പോൾ 201213-ൽ 2000 കോടി രൂപയുടെ അധിക ബാദ്ധ്യതയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ കേരളത്തിലെ ഉപഭോക്താക്കളുടെ തലയിൽ കെട്ടിവച്ചിരിക്കുന്നത്. അതിനുപുറമേയാണ് ഈ ബാദ്ധ്യതകൂടി വരുന്നത്. കേരളത്തിന്റെ വ്യവസായം പരിപൂർണ്ണ മായും സ്തംഭിക്കും. കേരളത്തിലെ 4000ഓളം വരുന്ന ചെറുകിട-ഇടത്തരം -വൻകിട വ്യവസായത്തിന്റെ അന്ത്യശ്വാസമാണ് ഇപ്പോൾ എല്ലാവരും

കേട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ 140 എച്ച്.റ്റി./ഇ.എച്ച്.റ്റി. വ്യവസായ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രതിസന്ധി നേരിടുന്നത്. കേരളത്തിലെ 4000 വ്യവസായങ്ങളും ഇവിടെ നശിക്കാൻ പോവുകയാണ്. ബിനാനി സിങ്ക്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കാർബോറാണ്ടം ഫാക്ട്, ബി.പി.സി. എൽ. എച്ച്.എൽ.എൽ., ഐ.എം.എം.എൽ., അപ്പോളോ ടയേഴ്സ്, എം. ആർ.എഫ്., പാലക്കാടുള്ള ഇൻസിൽ, എം.സി.എൽ, ജി.ടി.എൽ, ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് എന്നീ സ്ഥാപനങ്ങൾ ഇങ്ങനെ മുന്നോട്ടുപോകാൻ കഴിയില്ലെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. എന്തുകൊണ്ടാണ് ഈ സ്ഥിതിവിശേഷമുണ്ടായത്; കേരളത്തിലെ പവർ ക്രൈസസിസിനെ സംബന്ധിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷേ, തെറ്റായിട്ടുള്ള പ്ലാനിംഗിന്റെ ഭാഗമായിട്ടാണ് ഈ രൂപത്തിലുള്ള ക്രൈസ്സിസിലേക്ക് നീങ്ങിയതെന്നാണ് റെഗുലേറ്ററി കമ്മീഷൻ പറയുന്നത്. റെഗുലേറ്ററി കമ്മീഷന്റെ ആധികാരികമായിട്ടുള്ള കണക്കുകളാണ് ഇവിടെ പറയാൻ പോകുന്നത്. റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിൽ പറയുന്നു; ”thus the Commission is of the view that, the present situation is the result of lack of short term/mid term planning by the KSEB. The KSEB didn’t make any serious efforts to foresee such delays and propose any contingency plan on a war footing. KSEB has always resorted to fire fighting measures in the event of contingency as has

been argued by some of the objectors”. ഇത് പ്ലാനിംഗിൽ വന്ന പിശകാണ്. മഴകൂടുതലുള്ള സമയത്ത് എങ്ങനെയാണ് ഈ പവർ ക്രൈസിസ് ഉണ്ടായത്? 201112-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 6550 മില്യൻ യൂണിറ്റ് വെള്ളത്തിന്റെ ഒഴുക്കുണ്ടായിരുന്നുവെന്നാണ് റെഗുലേറ്ററി കമ്മീഷൻ പറയുന്നത്. അതിന്റെ തൊട്ടടുത്ത വർഷം എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ 5831 മില്ല്യൻ യൂണിറ്റിന്റെ ഫ്ളോ മാത്രമേയുണ്ടായിട്ടുള്ളൂ. അത് കുറവായിരുന്നു. അതിനുമുമ്പുള്ള 200910-ൽ 5818 മില്ല്യൺ യൂണിറ്റിന്റെ ഒഴുക്കുമാത്രമേ ഉണ്ടായിരുന്നുള്ളൂ. 5818 മില്ല്യൻ യൂണിറ്റിന്റെ ഒഴുക്കുമാത്രമുണ്ടായിരുന്ന സമയത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഇല്ലായിരുന്നു. 5831 മില്ല്യൻ യൂണിറ്റുണ്ടായിരുന്ന സമയത്ത് നിയന്ത്രണമില്ല. 6550 മില്ല്യൻ യൂണിറ്റ് ഒഴുക്കുള്ള സമയത്ത് എങ്ങനെയാണ് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടാകുന്നത്? ഇത് പ്ലാനിംഗിൽ വന്ന പിശകല്ലേ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് അറിയാത്തതുകൊണ്ടാണോ? 201112-ൽ നല്ല മഴയുള്ള അവസരത്തിലും എന്തുകൊണ്ട് ഇങ്ങനെ വന്നു? ഇടുക്കി ഡാമിലെ വെള്ളം ഒഴുക്കിക്കളഞ്ഞു. 2.20 പൈസയ്ക്ക് പുറത്ത് വൈദ്യുതി വിറ്റു. ആ സമയത്ത് 3.20 രൂപയ്ക്ക് വൈദ്യുതി വാങ്ങാനുള്ള കരാറുണ്ടായി. ഇതുസംബന്ധിച്ച വാർത്ത മലയാള മനോരമ പത്രത്തിൽ വന്നപ്പോൾ ആ സമ്പ്രദായം നിർത്തി. ഏതെങ്കിലും പത്രത്തിൽ വന്ന വാർത്ത കണ്ടിട്ട് ഇത് നിർത്തിയാൽ ഏറ്റവും വലിയ അപകടമാണ് ഉണ്ടാകാൻ പോകുന്നതെന്ന് അന്ന്

ഈ സഭമുമ്പാകെ ഞാൻ പറഞ്ഞു. ഉടൻതന്നെ വരൾച്ച വരികയും 7.50 രൂപയ്ക്ക് വൈദ്യുതി വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനായി കോറിഡോറുണ്ടോ; വൈദ്യുതി കൊണ്ടുവരുന്നതിനായി ട്രാൻസ്മിഷൻ കോറിഡോർ വേണ്ടേ; കോറിഡോർ ബുക്ക് ചെയ്തില്ല. ഇത് തെറ്റായ പ്ലാനിംഗിന്റെ ഭാഗമായി ഉണ്ടായതല്ലേ; സാധാരണ ഉയർന്ന ഫ്രീക്വൻസി യുള്ള ഉൽപ്പാദനം കുറച്ചുകൊണ്ട് പുറത്തുനിന്ന് വൈദ്യുതി വാങ്ങുക യാണ് ചെയ്യുന്നത്. നമ്മുടെ വൈദ്യുതി നമ്മൾ വേനൽക്കാലത്തേക്ക് ഉപ യോഗിക്കാതെ വയ്ക്കുകയാണ് ചെയ്യുക. അതിലേക്ക് അദ്ദേഹത്തെ നിർബന്ധിച്ച പല കാരണങ്ങളുണ്ടാകാം. പക്ഷേ ഇതുമായി ബന്ധപ്പെട്ട് 500 മെഗാവാട്ട് വൈദ്യുതിയെങ്കിലും പുറത്തുനിന്ന് വാങ്ങാനുള്ള ഒരു ദീർഘകാല കരാറിൽ ഒപ്പിടണ്ടേ? ഇടതുപക്ഷ ജനാധിപത്യമുന്നണി ആ നീക്കം നടത്തിയതല്ലേ; എന്തുകൊണ്ട് അത് മുമ്പോട്ടുപോയില്ല; പ്ലാനിം ഗിന്റെ ഏറ്റവും വലിയ തകരാർ വരുന്നത് അവിടെയല്ലേ? ഊർജ്ജസംര ക്ഷണ പ്രവർത്തനമാണ് രണ്ടാമത്തെ കാര്യം. ഊർജ്ജ മാനേജ്മെന്റ് എന്നുപറയുന്നത് ഈ ഗവൺമെന്റ് ഗൗരവത്തിൽ കണ്ടില്ലെന്ന് Demand Side Management (DSM)-Dമായി ബന്ധപ്പെട്ടുകൊണ്ട് റഗുലേറ്ററി കമ്മീ ഷൻ പറയുന്നു. ഞങ്ങളുടെ കാലഘട്ടത്തിൽ വൈദ്യുതി പ്രതിസന്ധിയു ണ്ടായിരുന്നു. ഞങ്ങൾ എങ്ങനെയാണ് ടെമ്പററി ക്രൈസിസ് തരണം ചെയ്തത്? സംസ്ഥാനത്ത് എല്ലാ വീടുകളിലുമായി ഒന്നരക്കോടി സി.എ ഫ്.എൽ. ബൾബ് എത്തിച്ചതല്ലേ? 60 വാട്ടുള്ള സി.എഫ്.എൽ.

ബൾബിന്റെ സ്ഥാനത്ത് 14 വാട്ടുള്ള സി.എഫ്.എൽ. ബൾബ് കൊടുക്കുമ്പോൾ 75 ലക്ഷം കുടുംബങ്ങളിൽ നിന്ന് നമ്മൾ സമ്പാദിച്ചത് മുന്നൂറോളം മെഗാവാട്ട് വൈദ്യുതിയാണ്. അതോടൊപ്പംതന്നെ 26 ശതമാനം പ്രസരണ നഷ്ടമുണ്ടായിരുന്നത് 16 ശതമാനത്തിലേക്ക് താഴ്ത്തി. അതിന്റെ ഭാഗമായി 250 മെഗാവാട്ട് ലാഭിച്ചു. അങ്ങനെയാണ് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാതെ ഊർജ്ജസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ ഊർജ്ജ പ്രതിസന്ധി കേരളത്തിലെ ജനങ്ങളുടെ തലയ്ക്കു മുകളിൽ അടിച്ചേൽപ്പിക്കാതെ രക്ഷപ്പെടുത്തിയത്. അതിന്റെ ഭാഗമായി ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സിന്റെയും പവർ ഫിനാൻസ് കോർപ്പറേഷന്റേയും കേന്ദ്ര ഗവൺമെന്റിന്റേതുമായി 3 അവാർഡുകൾ കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനും ഊർജ്ജസംരക്ഷണ പ്രവർത്തനത്തിനുമായി എന്തെങ്കിലും പ്രാധാന്യം ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ? ഇപ്പോൾ കൺസംപ്ഷനും ഡിമാന്റും കൂടി. ഒരു മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് വരുത്തിയിട്ടു പോലും എന്തുകൊണ്ട് ഉപഭോഗം കുറഞ്ഞില്ല? ഉപഭോഗം കുറയുന്നതിനാവശ്യമായ ഒരു നടപടിയുമെടുത്തില്ല. മൂന്നാമത്തെ കാര്യം - ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാവുന്ന എട്ട് പദ്ധതികൾ ഇവിടെയുണ്ടായിരുന്നു. അതെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി 50 – 60 ശതമാനം പൂർത്തീകരിച്ചതാണ്. പക്ഷേ സാങ്കേതിക കാരണങ്ങളും മറ്റ് പ്രശ്നങ്ങളു

മൊക്കെക്കൊണ്ട് അത് മുന്നോട്ടുപോയില്ല. അതൊക്കെ ഒരാഴ്ച കൊണ്ട് തീർക്കാൻ സാധിക്കുന്ന പ്രശ്നങ്ങളാണ്. പള്ളിവാസൽ, തോട്ടിയാർ, ചെങ്കുളം ഓഗ്മെന്റേഷൻ, പീച്ചി, ചിമ്മിണി, വിലങ്ങാട്, ചാത്തൻകോട്ടുനട, ബാരാപ്പൂൾ ഇങ്ങനെ 150 മെഗാവാട്ടിന്റെ 8 പദ്ധതികൾ സ്തംഭിച്ചുകിടക്കുന്നു. കാറ്റിൽ നിന്ന് വൈദ്യുതിയുണ്ടാക്കാൻ നമ്മൾ വിചാരിച്ചാൽ കഴിയും. ഞങ്ങളുടെ കാലഘട്ടത്തിലും 33 മെഗാവാട്ട് വൈദ്യുതിയുണ്ടാക്കി. 500 മെഗാവാട്ട് വൈദ്യുതിയുണ്ടാക്കാനുള്ള പ്രവൃത്തിയുമായി മുമ്പോട്ടു പോകുമ്പോഴാണ് കുറച്ച് ആദിവാസികളെയും സംഘടിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സോണിയാ ഗാന്ധിയുടെ അടുക്കൽ പോയി, ഇതെല്ലാം ആദിവാസികളുടെ ഭൂമിയാണെന്ന് പറഞ്ഞത്. അപ്പോഴാണ് ഞങ്ങൾ ആ പ്രവൃത്തി നിർത്തിക്കളഞ്ഞത്. ഇപ്പോൾ പ്രശ്നമില്ലല്ലോ? പ്രതിപക്ഷത്തിരിക്കുന്ന സമയത്ത് നിയമം നോക്കേണ്ട എന്നല്ലേ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ ഇപ്പോൾ ഇവിടെ പറഞ്ഞതത്. ഇപ്പോൾ പ്രശ്നമില്ലല്ലോ? എന്തുകൊണ്ട് കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല; നമ്മുടെ കേരളത്തിൽ ഒരു സെക്കന്റിൽ 20,000 കിലോമീറ്റർ വേഗതയിൽ കാറ്റുവീശുന്നില്ലേ; എന്തുകൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 4,000 മെഗാവാട്ടിന്റെ പത്തുമുപ്പത് വൻകിട പദ്ധതികൾക്ക് രൂപം കൊടുത്തു. ചീമേനി പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ 2,200

ഏക്കർ ഭൂമിയാണ് തന്നത്. ചീമേനി പദ്ധതിയുമായി ബന്ധപ്പെട്ട് പിന്നെ എന്തെങ്കിലും നടപടി എടുത്തോ? എൽ.എൻ.ജി.-യുമായി ബന്ധപ്പെട്ട പദ്ധതിയാണ് അത്. ഇതിനായി ഞങ്ങൾ പരിസ്ഥിതി പഠനം നടത്തി, കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തു. എൽ.എൻ.ജി. പദ്ധതി, നാചറൽ ഗ്യാസ് ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി പദ്ധതി അവിടെ യാഥാർത്ഥ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോ? ഇതുപോലെതന്നെയാണ് വൈതരണി പദ്ധതി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ഞങ്ങൾ അപേക്ഷ കൊടുത്തു. ഒറീസ്സ, ഗുജറാത്ത്, കേരളം തുടങ്ങിയ 3 സംസ്ഥാനങ്ങൾക്ക് കേന്ദ്രം 1000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുതിയുണ്ടാക്കാനുള്ള കൽക്കരിപ്പാടം അനുവദിച്ചുതന്നു. ഞങ്ങൾ കമ്പനിയുണ്ടാക്കി, മൈൻ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി, ബാങ്ക് ഗ്യാരണ്ടി കൊടുത്തു, 75 കോടി രൂപ കൊടുത്തു - നടപടിക്രമങ്ങൾ മുന്നോട്ടുപോയി. ഒറീസ്സ ഗവൺമെന്റ് എ.എസ്. തരേണ്ട അവസരത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. എ.എസുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് ചില ശ്രമങ്ങൾ നടത്തി. പക്ഷേ, മുന്നോട്ടുപോയില്ല. ഈ അസംബ്ലിയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി ആര്യാടൻ മുഹമ്മദ് ശ്രീ. പാലോട് രവിക്കും ശ്രീ. സി. പി. മുഹമ്മദിനും ശ്രീ. കെ. ശിവദാസൻ നായർക്കും ശ്രീ. എം.പി. വിൻസന്റിനും എന്റെയും ചോദ്യത്തിനുത്തരമായി നൽകിയ മറുപടി ഞാൻ വായിക്കാം. 'വൈതരണിയിൽ നിന്ന് കേരളത്തിന് ലഭ്യമാക്കുന്ന

കൽക്കരി ഉപയോഗിച്ച് ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പി.സി. യുമായി സർക്കാർ ചർച്ച നടത്തിവരികയാണ്. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര വൈദ്യുതി മന്ത്രാലയവുമായി ചർച്ചകൾ നടത്തുന്നുണ്ട്. ഈ നിർദ്ദേശം പരിശോധിക്കുന്നതിനായി കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യം പരിശോധിച്ചുവരികയാണ്.' ഇത് 11-12-2012-ന് തന്ന മറുപടിയാണ്. കേന്ദ്ര ഗവൺമെന്റ് ഇത് പരിശോധിക്കുന്ന സമയത്ത് ഇത് എങ്ങനെ ക്യാൻസൽ ചെയ്യാനുള്ള ധൈര്യം വന്നു? കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി തരുന്നതിൽ കേന്ദ്ര ഗവൺമെന്റ് അതീവ ഗുരുതരമായ വീഴ്ച വരുത്തുന്നു. കോൾ നിലയങ്ങളില്ലാത്ത സംസ്ഥാനങ്ങൾക്ക് കോൾ ലൈസൻസിനാവശ്യമായ നടപടി കേന്ദ്ര ഗവൺമെന്റ് മുമ്പ് സ്വീകരിച്ചു. കേരളം അതിന്റെ ഒരു ബെനിഫിഷ്യറിയാണ്. ഞങ്ങൾ അതിന്റെ നടപടിയുമായി മുന്നോട്ടുപോയി. ഒരു ഘട്ടം കഴിഞ്ഞ സമയത്ത് ഇത് നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണ്ടേ; ഈ ക്യാബിനറ്റ് ഇടപെടണ്ടേ; ഇത് കേരളത്തിന്റെ പൊതുതാൽപ്പര്യവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമല്ലേ; എന്തുകൊണ്ടാണ് ഈ കാര്യത്തെ സംബന്ധിച്ച് ഗൗരവമായി എടുക്കാത്തത്; എന്തുകൊണ്ടാണ് കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധിയെ സംബന്ധിച്ച് ഈ രൂപത്തിലുള്ള ഒരു ക്രൈസിസ് രൂപപ്പെടുന്ന സമയത്ത് അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തത്?

കേന്ദ്രം കൃത്യമായി വൈദ്യുതി തരുന്നുണ്ടെന്ന് 3 ദിവസം മുമ്പ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ മറുപടി പറഞ്ഞു. 1200 മെഗാവാട്ട് വൈദ്യുതി നമുക്ക് തരുന്നുണ്ട്, നല്ല കാര്യമാണ്. ഇവിടെ അൺഅലോക്കേറ്റഡ്, 1450 തന്ന സ്ഥാനത്ത് 281 മെഗാവാട്ട് വൈദ്യുതി കേന്ദ്രം വെട്ടിച്ചുരുക്കി. അത് ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞില്ല. 2012 ജൂൺ 29-ന് കേന്ദ്ര ഗവൺമെന്റ് 131 മെഗാവാട്ട് കുറച്ചു. 2012 ജൂലൈ 28-നു 100 മെഗാവാട്ട് കുറച്ചു. 2012 നവംബർ 30-ന് 50 മെഗാവാട്ട് കുറച്ചു. ഈ 281 മെഗാവാട്ട് കുറച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. എന്നിട്ട് ആ കാര്യം ജനങ്ങളോട് പറഞ്ഞില്ല, ഈ അസംബ്ലിയോട് പറഞ്ഞില്ല. ആ 3 ഓർഡറുകളും എന്റെ കയ്യിലുണ്ട്. ഈ 281 മെഗാവാട്ട് വൈദ്യുതി കൂടി കിട്ടിയാൽ നമ്മുടെ കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നമുക്ക് കഴിയില്ലേ? ഇപ്പോൾ ആയിരത്തി എണ്ണൂറോളം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുത ഹൈഡൽ പദ്ധതിയാണുള്ളത്. 500 മെഗാവാട്ട് വൈദ്യുതി നമുക്ക് കിട്ടില്ല. 1300 മെഗാവാട്ട് വൈദ്യുതി ഇപ്പോൾ നമുക്ക് കിട്ടുന്നുണ്ട്. 500 മെഗാവാട്ട് വൈദ്യുതി തെർമ്മൽ പദ്ധതിയിൽ നിന്ന് കിട്ടുന്നുണ്ട്. അപ്പോൾ 1800 മെഗാവാട്ട് വൈദ്യുതി ആയി. 1200 മെഗാവാട്ട് വൈദ്യുതി ഇപ്പോൾ കേന്ദ്രം തരുന്നുണ്ട്. അപ്പോൾ 3000 മെഗാവാട്ട് വൈദ്യുതി ആയി. വെട്ടിക്കുറച്ച 300 മെഗാവാട്ട് വൈദ്യു

തിയും കൂടി കിട്ടിയാൽ 3300 മെഗാവാട്ട് വൈദ്യുതിയായി. 3300 മെഗാവാട്ട് വൈദ്യുതിയേ നമുക്കാവശ്യമുള്ളൂ. ആ 3300 മെഗാവാട്ട് വൈദ്യുതി ഇവിടെ ലഭ്യമായാൽ കേരളത്തിന്റെ പവർ ക്രൈസിസ് പരിപൂർണ്ണമായും ഇല്ലാതാക്കാൻ സാധിക്കും. കേന്ദ്രം 281 മെഗാവാട്ട് വൈദ്യുതി വെട്ടിച്ചുരുക്കിയിട്ടുപോലും ഒരു ശബ്ദം, കേന്ദ്രം ചെയ്തത് തെറ്റാണെന്ന് പറയാനുള്ള ആർജ്ജവം ഈ ഗവൺമെന്റ് കാണിച്ചില്ല. ആ 281 മെഗാവാട്ട് വൈദ്യുതി വെട്ടിച്ചുരുക്കിയതിന്റെ ഭാഗമായിട്ടല്ലേ ഇന്ന് ഈ ക്രൈസിസിലേക്ക് പോകുന്നത്? വൈതരണി പദ്ധതി കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയല്ലേ; അത് വെട്ടിച്ചുരുക്കി ഇല്ലാതാക്കിയിട്ടുപോലും ചെറുശബ്ദംപോലും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടോ? ശ്രീ. കെ. സി. വേണുഗോപാൽ കേന്ദ്രമന്ത്രിയായിരുന്ന സമയത്ത് കേരളത്തിലെ അൺഅലോക്കേറ്റഡ് ഷെയറിൽ നിന്ന് കൃത്യമായി നമുക്ക് വൈദ്യുതി കിട്ടിയിരുന്നു. അദ്ദേഹത്തിൽനിന്ന് ആ വകുപ്പ് പോയ സമയത്തുതന്നെ ഞാൻ അദ്ദേഹത്തെ വിളിച്ച് നിങ്ങൾ പോയ തൊട്ടടുത്ത ദിവസം തന്നെ അൺഅലോക്കേറ്റഡ് ഷെയറിൽ നിന്നുള്ള വൈദ്യുതി കുറയാൻ പോകുന്നുവെന്ന് പറഞ്ഞു. തൊട്ടടുത്ത ദിവസം ശ്രീ. വേണുഗോപാൽ എന്നോട് അൺഅലോക്കേറ്റഡ് ഷെയറിൽ നിന്നുള്ള വൈദ്യുതി കുറഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞു. എങ്ങനെയാണ് അത് വരുന്നത്? ഇതെല്ലാം ആന്ധ്രയ്ക്കല്ലേ കൊടുത്തത്? കേരളത്തിന് കിട്ടേണ്ട ഈ അൺഅലോക്കേറ്റഡ് വിഹിതം, ഏകപക്ഷീയമായി കേരളത്തെ ഇരുട്ടി

ലാക്കി ആന്ധ്രയ്ക്ക് കൊടുക്കാൻ കേന്ദ്രത്തിന് എന്ത് അധികാരമാണുള്ളത്; അതിനെതിരായി എന്തെങ്കിലും പറയുന്നുണ്ടോ? 2000 മെഗാവാട്ടിന്റെ വൈദ്യുത പദ്ധതിയാണ് കൂടംകുളം പദ്ധതി. അതിൽനിന്ന് 266 മെഗാവാട്ട് വൈദ്യുതി നമുക്ക് കിട്ടണം. അതിന്റെ ആദ്യത്തെ 166 മെഗാവാട്ട് വൈദ്യുതി നമുക്ക് കിട്ടണം. അത് നമുക്ക് കിട്ടുമെന്ന് ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഉറപ്പിച്ചുപറയുന്നു. തമിഴ്നാട് മുഖ്യമന്ത്രിയും ഇന്ത്യൻ പ്രധാനമന്ത്രിയും സ്വകാര്യമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നു, അതിൽ നിന്ന് അല്പം വൈദ്യുതിപോലും കേരളത്തിന് കിട്ടാൻ പോകുന്നില്ല, ഞാൻ വെല്ലുവിളിക്കുകയാണ്. കൂടംകുളം പദ്ധതി പൊളിച്ചു. ആ കൂടംകുളം പദ്ധതി യാഥാർത്ഥ്യമായാൽ കേരളത്തിൽ ഒരു പവർ കോറിഡോർ വരും, 400 കെ.വി. ലൈൻ വരും. ആ ലൈൻ വലിക്കാൻപോലും ഇവിടെ കഴിയുന്നില്ല. അത് ഞാൻ നേരത്തെ പറഞ്ഞു. കോട്ടയത്തിന്റെ ഒന്നുരണ്ട് മണ്ഡലങ്ങളാണുള്ളത്. പത്തനംതിട്ടയിലും. എറണാകുളത്തും പ്രശ്നമില്ല. ബാക്കി ലൈനുകളെല്ലാം പൂർത്തീകരിച്ചു. ഈ ലൈൻ പൂർത്തീകരിക്കുന്നതിന് പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ 450 കോടി രൂപയുടെ സാധനങ്ങൾ ഇവിടെ കെട്ടിക്കിടക്കുകയാണ്. ലൈനില്ല. ആര് വരുത്തിയ വൈദ്യുതി പ്രതിസന്ധിയാണിത്? സാധാരണനിലയിൽ വൈദ്യുതി പ്രതിസന്ധിയുണ്ടാകും. ഇന്ത്യാ രാജ്യത്തുണ്ട്, കേരളത്തിലുമുണ്ട്. അതിന് ടെമ്പററിയായിട്ടുള്ള മെഷേഴ്സുണ്ട്, മീഡിയം മെഷേഴ്സുണ്ട്, ദീർഘകാല മെഷേ

ഴ്സുണ്ട്. ഞങ്ങൾ അത് കാണിച്ചുകൊടുത്തു, അത് തെളിയിച്ചുകൊടുത്തു. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഞങ്ങളുടെ കാലഘട്ടത്തിൽ നിയന്ത്രണങ്ങളുണ്ടായിരുന്നില്ലേ എന്ന് ചോദിക്കും. പള്ളിവാസൽ - ചെങ്കുളം - പന്നിയാർ പദ്ധതി പൊട്ടിത്തെറിച്ചതിന്റെ ഭാഗമായി 7 ജീവനക്കാർ മരിച്ചതിനാൽ ആ പവർ സ്റ്റേഷൻ അങ്ങനെതന്നെ ഇല്ലാതായി. അത് വീണ്ടും ശരിയാക്കി വന്നപ്പോഴേക്കും ഒന്നരവർഷം കഴിഞ്ഞു. ശബരിഗിരി പദ്ധതി 360 മെഗാവാട്ടിന്റേതാണ്. അവിടെ നാലാമത്തെ മെഷീൻ പൊട്ടി അഞ്ചാമത്തേതിൽ വീണു, അഞ്ചാമത്തേത് പൊട്ടി ആറാമത്തേതിൽ വീണു. അങ്ങനെ ആറ് മാസം വൈദ്യുതി ഉണ്ടായിരുന്നില്ല. ഇടുക്കി പദ്ധതിയുടെ ബട്ടർഫ്ളൈ വാൽവിൽ ലീക്ക് വന്നു. 240 എഞ്ചിനീയേഴ്സിനെവച്ച് 24 മണിക്കൂറും പണിയെടുപ്പിച്ചുകൊണ്ട് രണ്ടാഴ്ച കൊണ്ട് ഞങ്ങൾ ആ പദ്ധതി പൂർത്തീകരിച്ചു. അങ്ങനെയുള്ള ക്രൈസിസ് ഇപ്പോഴുണ്ടോ? ഞങ്ങൾ ഭരിക്കുന്ന സമയത്ത് കേന്ദ്രം 730 മെഗാവാട്ടാണ് തന്നത്. ആ സ്ഥാനത്ത് ഇവർക്ക് 1400 മെഗാവാട്ട് കിട്ടി. ഇപ്പോൾ 1200 മെഗാവാട്ട് കിട്ടുന്നു. ഇങ്ങനെ വൈദ്യുതി പ്രതിസന്ധി ഒന്നുമില്ലാത്ത സമയത്ത് 85 അസംബ്ലി മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുകയും ചോദിക്കുന്ന ആൾക്കാർക്കൊക്കെ വൈദ്യുതി കൊടുക്കുകയും ചെയ്തില്ലേ? കേരളത്തിൽ വ്യവസായം വരണമെങ്കിൽ affordable rate -ൽ ഗുണമേന്മയുള്ള ഇലക്ട്രിസിറ്റി ചോദിക്കുന്ന സമയത്ത് കൊടുക്കാൻ

കഴിയണം. Power on demand ആയിരിക്കണം. Power on demand ഇല്ലാത്ത, താങ്ങാൻ പറ്റാത്ത താരിഫിൽ വൈദ്യുതി കൊടുക്കുന്ന ഒരു സംസ്ഥാനത്ത് നിലവിളക്ക് കത്തിച്ചിട്ടും മെഴുകുതിരി കത്തിച്ചിട്ടും വ്യവ സായം വരുമോ? 'എമർജിംഗ് കേരള' ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ നാലായിരത്തോളം വരുന്ന വ്യവസായ സ്ഥാപനങ്ങൾ നില നിൽപ്പിനുവേണ്ടി ശ്വാസം മുട്ടുന്ന സമയത്താണ് കേരളത്തെ പരിപൂർണ്ണ മായും ഇരുട്ടിലാക്കുന്ന, കേരളത്തിലെ ജനങ്ങളുടെ മുകളിൽ രണ്ടായിരം കോടി രൂപയുടെ അധികബാധ്യത ഏൽപ്പിച്ച റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ്. ഇന്നുതന്നെ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട ണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പണം ചെലവഴിക്കാൻ കഴി യാത്തതുകാരണം മൂവായിരത്തോളം കോടി രൂപ അദ്ദേഹത്തിന് സമ്പാദി ക്കാൻ കഴിഞ്ഞു. അതിൽ നിന്നും ആയിരം കോടി അല്ലെങ്കിൽ എഴുന്നൂറ്റി യമ്പത് കോടി രൂപയെങ്കിലുമെടുത്ത് ശ്രീ. ആര്യാടൻ മുഹമ്മദിന് കൊടു ത്താൽ പരിഹരിക്കാൻ പറ്റുന്ന വിഷയമേയുള്ളൂ. കേന്ദ്രത്തിൽ നിന്നും കിട്ടേണ്ട വിഹിതം വാങ്ങിയാലും ഈ പ്രശ്നം പരിഹരിക്കാം. ഇത് പരിഹ രിക്കാൻ സാധിക്കാത്ത പ്രശ്നമല്ല. പരിഹരിക്കാൻ പറ്റും. അതിനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാട്ടണം. കേന്ദ്രത്തിൽ നിന്നും കിട്ടേണ്ടുന്ന വിഹിതം ചോദിച്ചുവാങ്ങണം. സാമ്പത്തികമായിട്ടുള്ള ആനുകൂല്യം സംസ്ഥാന ഗവൺമെന്റ് കൊടുക്കണം. അതിൽ ഈ ഗവൺമെന്റ് പരാജ

യപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് സഭ നിറുത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട എ.കെ. ബാലൻ ഇവിടെ കുറേ കാര്യങ്ങളൊക്കെ പറഞ്ഞു. ഏതായാലും ഒരു കാര്യമേ ഞാൻ പറയുന്നുള്ളൂ. കെടുകാര്യസ്ഥത ആണല്ലോ ശ്രീ. എ.കെ. ബാലന്റെ പ്രധാന ചാർജ്ജ്. 15 കൊല്ലമല്ല, അതിനിടയിൽ തന്നെ ഉണ്ടായിരുന്നു വെന്ന് ഞാൻ പറഞ്ഞപ്പോൾ ഇവിടെ മുൻ ബെഞ്ചിലിരുന്നുകൊണ്ട് ബഹു മാന്യനായ കോടിയേരി ബാലകൃഷ്ണനും ബഹുമാന്യനായ സി. ദിവക രനും 'എന്ന്' എന്ന് ചോദിച്ചു. ഞാൻ അത് പറയാമെന്ന് പറഞ്ഞു, പറ യാം. എന്റേത് കെടുകാര്യസ്ഥത. ശ്രീ. എ.കെ. ബാലന്റെ നല്ല മാനേജു മെന്റിന് 2008 ഒക്ടോബർ 6-ാം തീയതി റെഗുലേറ്ററി കമ്മീഷന്റെ ഓർഡർ കിട്ടി. എന്താണെന്ന് അറിയാമോ? ലോഡ് ഷെഡിംഗ് എന്ന് മാത്രമല്ല ഒരു കാര്യം കൂടി ചെയ്തു. പ്രോ-റേറ്റാ ബേസിസിൽ 75%-ൽ കൂടുതൽ ഉപ യോഗിക്കുന്നതിന് കൂടുതൽ ചാർജ്ജും അങ്ങയുടെ കാലത്ത് ഏർപ്പെ ടുത്തി. ഓർഡർ എന്നാണെന്ന് അറിയാമോ? ഒക്ടോബർ 6, 2008-ൽ. എന്നുമാത്രമല്ല, തുടർന്ന് രണ്ടാമത്തെ ഓർഡർ വീണ്ടും വന്നു. അതിലും ഈ പറയുന്ന രൂപത്തിൽതന്നെ നിങ്ങൾ എക്സ്റ്റെന്റ് ചെയ്തു. അതിൽ പ്രതിമാസം 200 യൂണിറ്റിന് മീതെ ഉപഭോഗം ഉള്ളതിന് മുഴുവൻ കൂടു

തൽ ചാർജ്ജ് ആവശ്യപ്പെട്ടു. നിങ്ങൾ 150 യൂണിറ്റിന് ആവശ്യപ്പെട്ടു. പക്ഷേ റെഗുലേറ്ററി കമ്മീഷൻ 200 യൂണിറ്റിന് മുകളിൽ എന്നുപറഞ്ഞു. ഡൊമസ്റ്റിക്ക് യൂസിന് വരെ നിങ്ങൾ ചാർജ്ജ് വർദ്ധനവ് ആവശ്യപ്പെട്ടു. ഞങ്ങൾ വർദ്ധിപ്പിച്ചത് 300 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്നവർക്കാണ്. ഞങ്ങൾ ആവശ്യപ്പെട്ടത് 200 യൂണിറ്റിൽ കൂടുതലുള്ള ഉപഭോഗത്തിനാണെങ്കിലും റെഗുലേറ്ററി കമ്മീഷൻ 300 യൂണീറ്റിനുമുകളിലുള്ളവരുടേത് വർദ്ധിപ്പിക്കാനാണ് അനുവദിച്ചത്. ഈ സംസ്ഥാനത്ത് പ്രതിമാസം 300 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഡൊമസ്റ്റിക് കൺസ്യൂമേഴ്സ് ആരാണ്? 83 ലക്ഷം കൺസ്യൂമേഴ്സ് ഉള്ളതിൽ 300 മുതൽ 500 വരെ ഉപയോഗിക്കുന്നത് 95,000 കൺസ്യൂമേഴ്സ് മാത്രമാണ്. അതുകഴിഞ്ഞാൽ 500 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്ന 12000 കൺസ്യൂമേഴ്സ് ഉണ്ട്. അവരോട് വാങ്ങാൻ ഞങ്ങൾ തീരുമാനിച്ചു. ബാക്കിയുള്ളവരെ ഞങ്ങൾ വിട്ടു. 82 ലക്ഷത്തോളം ആളുകളെ ഒഴിവാക്കിയിട്ട് ഒരു ലക്ഷത്തോളം സമ്പന്നന്മാരോട് അധികം ചാർജ്ജ് വാങ്ങി ഈ പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമോ എന്ന് നോക്കുന്നതിനെയാണോ ശ്രീ. എ.കെ. ബാലൻ എതിർക്കുന്നത്? എന്നുമാത്രമല്ല താങ്കളുടെ കാലത്ത് ഇറക്കിയ ഓർഡറും എന്റെ കൈവശമുണ്ട്. അത് 2008 ജൂലൈയിലേതാണ്. എന്നുമാത്രമല്ല അവിടെയും ഇൻഡ

സ്ട്രീസിന് കൂട്ടിയില്ലേ? 75%-ൽ കൂടുതൽ ഉള്ള ഇൻഡസ്ട്രീസിനോട് മുഴുവൻ കൂടുതൽ സംഖ്യ വാങ്ങിയില്ലേ? അതിന് റെഗുലേറ്ററി കമ്മീഷനല്ലേ ഓർഡർ ഇട്ടത്. താങ്കളുടെ കാലത്ത് രണ്ട് ഓർഡർ ഇട്ടില്ലേ? ഇനി അതിന്റെ ന്യായം ഞാൻ പറയാം. 2003-04-ൽ ഇടുക്കി കമ്മീഷൻ ചെയ്തതിനുശേഷം ഇത്രയധികം വെള്ളം കുറഞ്ഞ ഒരു കാലമുണ്ടായിട്ടില്ല. 2003-04-ലാണ് ഇവിടെ ഏറ്റവും വലിയ അക്യൂട്ട് ഷോർട്ടേജ് വന്നത്. അന്ന് ടോട്ടൽ ഇൻഫ്ളോ (ഒഴുകിവരുന്ന വെള്ളം) 3823 മില്ല്യൻ യൂണിറ്റായിരുന്നു. 2008-09-ൽ താങ്കൾ ഈ ലോഡ്ഷെഡിംഗും പവർകട്ടും കൊണ്ടുവന്ന കാലത്ത് എത്രയാണെന്ന് അറിയാമോ? 4897 മില്യൻ. 2012-13-ൽ എത്രയാണെന്ന് അറിയാമോ? ഇപ്പോഴത്തേത് 3426 മില്യൻ. താങ്കളുടെ കാലത്തുണ്ടായിരുന്നതിന്റെ 65%-ത്തോളമേയുള്ളു. അന്ന് താങ്കൾ ചെയ്തത് ശരി, നല്ല മാനേജ്മെന്റ്, വെള്ളം ഉണ്ടായിട്ടും ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയതും കൂടുതൽ സംഖ്യ വാങ്ങാൻ തീരുമാനിച്ചതും നല്ല മാനേജുമെന്റ്. അന്നത്തെക്കാൾ വെള്ളം കുറഞ്ഞപ്പോൾ ഈ ഗവൺമെന്റ് വാങ്ങാൻ തീരുമാനിച്ചത് കെടുകാര്യസ്ഥത. അങ്ങേയ്ക്ക് അത് ആസ്വദിക്കാമെന്ന് മാത്രം ഞാൻ പറയുന്നു. മറ്റൊരു കണക്ക് ഞാൻ പറയട്ടെ. വാട്ടർ സ്റ്റോറേജ് 2003-04-ൽ 46.52% ആണ്. അങ്ങ് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയ 2008-09- ൽ 65.29% സ്റ്റോറേ

ജാണ് ഉണ്ടായിരുന്നത്. ഇന്നോ 45.66% ആണ്. 65.29% ഉണ്ടാകുമ്പോൾ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയത് നല്ല മാനേജ്മെന്റ്, അതിനെക്കാൾ കുറഞ്ഞ ഇക്കാലത്ത് മോശം മാനേജ്മെന്റ്. ഞാൻ സമ്മതിക്കുന്നു. ഇനി ഒരു കാര്യം കൂടി ഞാൻ പറയാം. ഹൈഡ്രോ പവർ ഏറ്റവും കുറവ് എന്നാണ്? 2003-04-ൽ 69% കുറവ്. 2008-09-ൽ അങ്ങയുടെ കാലത്ത് 64%-മേയുള്ളു. ഇപ്പോൾ 75%. 64% ഉണ്ടായിരുന്നപ്പോൾ താങ്കൾ ചെയ്തത് നല്ല മാനേജ്മെന്റ്. 75% കുറവ് വന്നപ്പോൾ ചെയ്യുന്നത് കെടുകാര്യസ്ഥത. ഞാൻ കണക്കുകൾ ഇനിയും പറയാം....(ബഹളം)..... .എന്താണ്? കണക്ക് ശരിയല്ലേ? ബഹളം വച്ചതുകൊണ്ടൊന്നും ഞാൻ കണക്ക് ഉദ്ധരിക്കാതിരിക്കില്ല. ശ്രീ. എ.കെ. ബാലൻ ഇവിടെ കണക്ക് വച്ചല്ലോ?

<u>മി. സ്പീക്കർ</u> : ശ്രീ. എ. കെ. ബാലൻ പറഞ്ഞതെല്ലാം ക്ഷമയോടെ മന്ത്രി ഇവിടെ കേട്ടുകൊണ്ടിരുന്നില്ലേ? മന്ത്രി പറയുന്നത് നിങ്ങൾ കേൾക്കണം. മന്ത്രിക്ക് അദ്ദേഹത്തിന്റെ കൈയിലുള്ള ഫയലിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസാരിക്കാൻ പറ്റുകയുള്ളൂ. അതുപോലെ ശ്രീ. എ.കെ. ബാലൻ അദ്ദേഹത്തിന്റെ കൈവശമുള്ള പേപ്പർ വച്ചുതന്നെയാണ് സംസാരിച്ചത്. മന്ത്രി സംസാരിക്കട്ടെ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, പവർ പർച്ചേസ്, Cost of PP as per percentage of Revenue, 2003-04-ൽ ഷോർട്ടേജുള്ളപ്പോൾ റവന്യൂവിന്റെ 66.35 ശതമാനം പവർ പർച്ചേസിനു ചെലവിട്ടു. ബഹുമാനപ്പെട്ട എ. കെ.

ബാലന്റെ കാലത്ത് 2008-09-ൽ റവന്യൂ വരുമാനത്തിന്റെ 71.63 ശതമാനം പവർ പർച്ചേസിനുവേണ്ടി ചെലവഴിച്ചു. ഇന്നത്തെ സ്ഥിതി അറിയാമോ? റവന്യൂ 70 കോടി രൂപയാണ്, ആ റവന്യൂവിന്റെ 103 ശതമാനം ഇന്ന് നമ്മൾ ചെലവിടുകയാണ്. എന്നിട്ടാണ് പവർകട്ട് ഒരു മണിക്കൂറാക്കി കുറച്ചത്. നിങ്ങളുടെ കാലത്ത് ഒമ്പത് മാസം തുടർച്ചയായി ലോഡ്ഷെഡ്ഡിംഗ് ഉണ്ടായിരുന്നില്ലേ? രണ്ട് ഉത്തരവിലൂടെ ഒമ്പത് മാസം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയ ശ്രീ. എ.കെ. ബാലൻ ഞങ്ങൾ അഞ്ചരമാസം നിയന്ത്രണം ഏർപ്പെടുത്തിയതിനെയാണ് ക്രിട്ടിസൈസ് ചെയ്യുന്നത്. കെടുകാര്യസ്ഥതയെക്കുറിച്ച് മറ്റൊരു കാര്യംകൂടി പറയാം, ഊർജ്ജസംരക്ഷണത്തെക്കുറിച്ച് അങ്ങ് പറഞ്ഞത് ഊർജ്ജസംരക്ഷണമില്ല, ഈ ഗവൺമെന്റിന്റെ പ്രവർത്തനം വളരെ മോശമാണ് എന്നാണ്. ഡിസംബർ 14 ഊർജ്ജസംരക്ഷണ ദിനമാണ്. ഏറ്റവും നന്നായി പ്രവർത്തിച്ച സ്റ്റേറ്റുകൾക്ക് ഡൽഹിയിൽ വച്ച് പ്രസിഡന്റ് അവാർഡ് കൊടുക്കുകയാണ്. ഒന്നാം സ്ഥാനത്ത് മഹാരാഷ്ട്രയും രണ്ടാം സ്ഥാനത്ത് കേരളവുമാണ്. അത് നിങ്ങൾ മനസ്സിലാക്കണം. ഇൻഡ്യാ ഗവൺമെന്റിന്റെ അവാർഡ് വാങ്ങുന്നതിന് അസംബ്ലിയായതുകൊണ്ട് ഞാൻ പോയില്ല, ഇ.എം.സി. ഡയറക്ടർ പോയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വൈദ്യുതി തരുന്നില്ലെന്ന് ശ്രീ. ബാലൻ പറഞ്ഞു. 1400 മെഗാവാട്ട് വൈദ്യുതി ഒരു ഘട്ടത്തിലും കേരളത്തിന് കിട്ടിയിട്ടില്ല. ഞാൻ അധികാരമേൽക്കുമ്പോൾ 1100 മെഗാവാട്ടാണ് ലഭിച്ചുകൊണ്ടിരുന്നത്. ഇന്ന് 1269 മെഗാവാട്ടാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്.

ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കഴിഞ്ഞ മാസം ഡൽഹിയിൽ പോയി പുതിയതായി ചാർജ്ജ് എടുത്ത ഊർജ്ജ വകുപ്പുമന്ത്രിയെ സന്ദർശിച്ചപ്പോൾ 100 മെഗാവാട്ട് കൂടി തരാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. 1369 മെഗാവാട്ട് എന്നത് റിക്കാർഡാണ്. അൺഅലോട്ടഡ് ക്വാട്ട എന്നു പറയുന്നത് ഗാഡ്ഗിൽ ഫോർമുല അനുസരിച്ചുള്ള ക്വാട്ട കഴിഞ്ഞ് സ്പെഷ്യൽ പ്രോബ്ലമുണ്ടാകുമ്പോൾ അതിനുവേണ്ടി നൽകുന്നതാണ്. പെർക്യാപിറ്റ നോക്കിയാൽ ഇൻഡ്യാ രാജ്യത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്രത്തെ കുറ്റപ്പെടുത്തുന്നതിൽ ഒരു കാര്യവുമില്ല. കേന്ദ്രം തരുന്നില്ല എന്നായിരുന്നില്ലേ ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ മന്ത്രിയായിരിക്കുമ്പോൾ ദിവസേന സഭയിൽ പറഞ്ഞിരുന്നത്. ഇന്ന് ഞങ്ങൾക്ക് ആ ആക്ഷേപമില്ല. സംസ്ഥാനം അർഹിക്കുന്നതിനേക്കാൾ കൂടുതൽ കേന്ദ്രത്തിൽ നിന്ന് കിട്ടുന്നുണ്ട്. കൂടംകുളത്തിനെക്കുറിച്ച്, അവിടെ പ്രസരണലൈൻ വലിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 2005-ൽ ഞാൻ മന്ത്രിയായിരിക്കുമ്പോൾ ലൈൻ വലിക്കുന്നത് സംബന്ധിച്ച് ഫയലിൽ ഓർഡറിട്ടതാണ്. ഞാൻ ശ്രീ. എ. കെ. ബാലനെ കുറ്റപ്പെടുത്തുന്നതല്ല. അദ്ദേഹത്തിന്റെ നല്ല മാനേജ്മെന്റ് കൊണ്ട് അഞ്ച് കൊല്ലം തൊടാൻ കഴിഞ്ഞില്ല. കോൺഫറൻസുകൾ നടത്തി അഞ്ചുകൊല്ലം പോയി. കൂടുതൽ പണം കൊടുത്തുകൊണ്ട് അത് ചെയ്യുന്നതിന് നമ്മളാണ് തീരുമാനിച്ചത്. മുഖ്യമന്ത്രി ഇടപെട്ടുകൊണ്ടാണ് അത് ചെയ്തത്. അത് ബഹുമാനപ്പെട്ട ബാലൻ മനസ്സിലാക്കണം. അങ്ങ

യുടെ മാനേജ്മെന്റ് നല്ല മാനേജ്മെന്റാണ്, പക്ഷേ ലൈൻ ലൈൻ വലിക്കാൻ തീരുമാനിച്ചത് ഞങ്ങളാണ്. അതിനുള്ള ഏർപ്പാടുകൾ അങ്ങ് ചെയ്തു. അങ്ങയുടെ നല്ല മാനേജ്മെന്റിന് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു.

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ അദ്ദേഹം പറഞ്ഞ കാര്യത്തിന് മറുപടി പറയാൻ ബാധ്യസ്ഥനാണ്. അതിന് അങ്ങ് എനിക്ക് സമയം തരണം.

മി. സ്പീക്കർ: ഞാൻ പ്രസംഗം നിറുത്താൻ ആവശ്യപ്പെട്ടില്ലല്ലോ.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് പറയില്ല എന്ന് എനിക്കറിയാം. 1996 മുതൽ 2001 വരെ നൂറു ശതമാനവും ലോഡ് ഷെഡ്ഡിംഗും പവർകട്ടുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട ബാലൻ, 2004-06-ൽ ഞാനായിരുന്നു മന്ത്രി, ഒരു ദിവസംപോലും വൈദ്യുതി നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല, ഒരു ദിവസംപോലും പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തിയില്ല, അത് ചെയ്യില്ല എന്ന് ഞാൻ പറഞ്ഞിരുന്നു. അതുകഴിഞ്ഞ് അധികാരത്തിൽവന്ന് ഒമ്പത് മാസം തുടർച്ചയായി നിയന്ത്രണം കൊണ്ടുവന്ന പാർട്ടിയാണ് നിങ്ങളുടേത്. എന്നിട്ടാണ് ഇവിടെ പറയുന്നത്. അതിന്റെ രണ്ട് ഓർഡറുണ്ട്. ചാർജ് വർദ്ധനവുമായി ബന്ധപ്പെട്ട്

ഒരു കാര്യം കൂടി പറയട്ടെ, ഞങ്ങൾ സമ്പന്നൻമാരോട് തൽക്കാലം കൂടുതൽ വാങ്ങും.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങയുടെ വിശദീകരണത്തിൽ 300 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്നവർ മൈനോറിറ്റിയാണെന്നും അവരിൽ നിന്നും ഇരട്ടിതുക ഈടാക്കുമെന്നും പറഞ്ഞു. അവരുടെ എണ്ണം എത്രയാണ് കണക്കാക്കിയിരിക്കുന്നതെന്നും അതിൽ നിന്നും അധികവരുമാനം എത്രയാണ് പ്രതീക്ഷിക്കുന്നതെന്നും പറയാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഏകദേശം 95000 ആളുകൾ വരും. അവർ ഉപയോഗിക്കുന്നതിനനുസരിച്ചാണ് തുക ഈടാക്കുന്നത്.

ശ്രീ. എസ്. ശർമ്മ: അവരുടെ എണ്ണം പതിനഞ്ചു ലക്ഷത്തോളം വരും.

ശ്രീ. ആര്യാടൻ മുഹമ്മദ്: പതിനഞ്ച് ലക്ഷമൊന്നും വരില്ല. പതിനഞ്ച് ലക്ഷമല്ല, ഇരുപത് ലക്ഷം വന്നാലും അവർ സമ്പന്നൻമാരാണ്, അവരിൽ നിന്ന് വാങ്ങും. നിങ്ങളുടെ നയമല്ല ഞങ്ങളുടേത്, രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ഞങ്ങൾ താരിഫ് വർദ്ധിപ്പിച്ചുവെന്ന് ആക്ഷേപം പറഞ്ഞല്ലോ. 83 ലക്ഷം കൺസ്യൂമർമാരിൽ 120 യൂണിറ്റിന് താഴെ ഉപയോഗിക്കുന്നവർ 82 ശതമാനമാണ്. താരിഫ് റിവിഷൻ വന്നപ്പോൾ ഒരു പൈസ കൂടുതൽ ഈ സർക്കാർ അവരിൽനിന്നും ഈടാക്കിയില്ല. അവ

രുടെ പണം 25 കോടി രൂപ മാസാന്ത്യം ഇലക്ട്രിസിറ്റി ബോർഡിന് നൽകാൻ തീരുമാനിച്ച ഗവൺമെന്റാണ് ഉമ്മൻചാണ്ടി ഗവൺമെന്റ്. 300 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്നവരിൽ നിന്ന് വാങ്ങണ്ടേ? എത്ര എ. സി. വേണം? അതിനെല്ലാം കൊടുക്കേണ്ടതുണ്ടോ? അതിന് ഞങ്ങൾ തൽക്കാലമില്ല. കെടുകാര്യസ്ഥതയ്ക്ക് മറ്റൊരുദാഹരണമായി ബഹുമാനപ്പെട്ട ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചത് കോൾനിലയത്തെ സംബന്ധിച്ചാണ്. അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. അത് കേന്ദ്ര ഗവൺമെന്റ് ക്യാൻസൽ ചെയ്ത് 10/12-ന് ഓർഡറിട്ടു. ഇന്നലെ രാത്രിയാണ് എന്റെ കൈവശം ഓർഡർ ലഭിച്ചത്. മലയാള മനോരമ പറഞ്ഞപ്പോൾ 3.50-ന് വാങ്ങിയത് നിർത്തിയെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു, ഈ ഗവൺമെന്റ് നിർത്തിയിട്ടില്ല. മനോരമ പത്രം എന്തോ പറയട്ടെ, അത് നോക്കിയല്ല ഭരണം നടത്തുന്നത്. നല്ല കാര്യം പറഞ്ഞാൽ മനോരമയല്ല ദേശാഭിമാനി പറഞ്ഞാലും ഞങ്ങൾ എടുക്കും. അതുകൊണ്ട് മനോരമ പറഞ്ഞ കാര്യം നോക്കണ്ട.

ശ്രീ. സി. ദിവാകരൻ: ജനയുഗം പറഞ്ഞാൽ അംഗീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ദേശാഭിമാനിയേക്കാൾ കൂടുതലെടുക്കും. കാരണം പണ്ട് ഞങ്ങളുടെ കൂടെയുണ്ടായിരുന്നവരല്ലേ. വൈതരണി പദ്ധതി ഞങ്ങളുടെ കെടുകാര്യസ്ഥത കൊണ്ടാണെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു; അദ്ദേഹത്തിന്റെ മാനസിക സുഖത്തിനുവേണ്ടി ഞാൻ

അത് അഡ്മിറ്റ് ചെയ്യുന്നു. എന്നിട്ട് ഞാൻ വസ്തുത പറയാം, ഇന്റർ മിനി സ്റ്റേഴ്സ് ഗ്രൂപ്പിന്റെ യോഗം കൂടി അത് ക്യാൻസൽ ചെയ്തു. അവർ പറഞ്ഞ കാരണം എന്താണെന്ന് അറിയാമോ? The IME considered the terms and conditions of allocation. അലോക്കേഷൻ സമയത്ത് 2007-ൽ പറഞ്ഞ കണ്ടീഷൻസുണ്ട്, ആ കണ്ടീഷൻസ് ഫുൾഫിൽ ചെയ്തില്ല. ഫുൾഫിൽ ചെയ്യണ്ട കാര്യങ്ങളുടെ ഷെഡ്യൂൾ കൊടുത്തിരുന്നതാണ്. ഷെഡ്യൂളിൽ പറഞ്ഞിരുന്നത്, 25/1/2011-ൽ production കംപ്ലീറ്റ് ചെയ്യ ണമെന്നാണ്. അതു മാത്രമല്ല, Grant of Forest Clearance, Application EMD Grant, Grant of Mining Lease അതുപോലെ Land Acquisition, ഇതൊന്നും ചെയ്തിട്ടില്ല. അതിനൊക്കെ ഷെഡ്യൂൾ കൊടുക്കുകയും മൈൽസ്റ്റോൺ വയ്ക്കുകയും ചെയ്തിട്ട് അതനുസരിച്ച് കാര്യങ്ങൾ ചെയ്തില്ല. അത് അവ സാനിപ്പിക്കേണ്ടത് Grant of opening permission 25/12/2010-ലാണ്. അന്ന് ഞാനല്ല, നല്ല മാനേജ്മെന്റുള്ള ശ്രീ. ബാലനാണ് മന്ത്രി. ഇതാണ് കാരണം പറഞ്ഞിരിക്കുന്നത്. അതിനെ സംബന്ധിച്ച് അവർ വളരെ ക്ലിയർ ആയി പറഞ്ഞു. ഠവല ീൃാമശേീി റമലേ ളീൃ രീാാലിരലാലി േീള ുൃീറൗരശീി ിമെ 25.1.2011. ചീ ശിറശരമശേീി ംമെ ഴശ്ലി ളീൃ ലഃുലരലേറ റമലേ ളീൃ രീാാലിരലാലി േീള ുൃീറൗരശീി ളൃീാ വേല രീമഹ യഹീരസ. ഇത് ചെയ്തില്ല, എന്നാണ്. 25.1.2011-നു മുമ്പാണ്. അന്ന് ഞാനല്ല വകുപ്പുമന്ത്രി, ശ്രീ. ഉമ്മൻ ചാണ്ടി യല്ല മുഖ്യമന്ത്രി. അതിന് മുമ്പ് അവർ ഷെഡ്യൂൾ കൊടുത്തു. ഷെഡ്യൂ ളിൽ പറഞ്ഞപോലെ ചെയ്യേണ്ടത് കാര്യങ്ങളൊന്നും ചെയ്തില്ല.

ഞാനാണോ ഉത്തരവാദി? മലയാള മനോരമ പത്രത്തിൽ പറഞ്ഞിരിക്കുന്നത് ആറ് മാസമായി ഒന്നും ചെയ്തില്ലെന്നാണ്..

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.......

ശ്രീ. ആര്യാടൻ മുഹമ്മദ് : ചീമേനി പ്ലാന്റിനെക്കുറിച്ച് ബഹുമാനപ്പെട്ട ബാലൻ......

മി. സ്പീക്കർ : അങ്ങ് ബാലനെന്നുള്ള പേര് കുറച്ചു ഒഴിവാക്കിയാൽ കുറെ സമയം വേറെ കിട്ടും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ ഇത് പറയുമ്പോഴും എന്റെ മുൻഗാമി കുറെ കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷത്തിലും അദ്ദേഹം പരാജയപ്പെട്ടു. ചീമേനിയിൽ നിന്ന് കോൾ കൊണ്ടുവരാൻ തീരുമാനിച്ചപ്പോൾ അവരുടെ പാർട്ടിയിൽ നിന്ന് എതിർപ്പ് വന്നു. ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാരും എതിരായിരുന്നു. അവിടെ 1700 മെഗാവാട്ടിന്റെ എൽ.എൻ.ജി. കൊണ്ടുവരാൻ തീരുമാനിച്ചു. എൽ.എൻ.ജി. അവിടെ വരണമെങ്കിൽ പൈപ്പിട്ട് പോകണം. പൈപ്പ് ഇടലിന് അവിടെ തടസ്സം നിൽക്കുകയാണ്. പൈപ്പില്ലാതെ എങ്ങനെയാണ് പവർ ജനറേറ്റ് ചെയ്യാൻ സാധിക്കുന്നത്. എൽ.എൻ.ജി.-യുടെ ലൈൻ ഇടുന്നതോടുകൂടി ഒരു സംശയം വേണ്ട, ഞങ്ങളത് അവിടെ ചെയ്തിരിക്കും. അത് ശ്രീ. ബാലൻ തുടങ്ങിവച്ചതാണ്. ലൈൻ വലിച്ചുകഴിഞ്ഞാൽ ഞങ്ങൾ തുടങ്ങും. അതുകൊണ്ട് ഇവിടെ ഈ വിഷയം കൊണ്ടുവന്ന ബഹുമാനപ്പെട്ട മെമ്പറെ അഭിനന്ദിച്ചുകൊണ്ട്, നന്ദി രേഖപ്പെ

ടുത്തിക്കൊണ്ട് നിർത്തുന്നു. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ : മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കണക്ക് കൊണ്ട് കസർത്ത് കാണിച്ച് ആളുകളെ ഇരുട്ടിലാഴ്ത്താൻ അതിസമർത്ഥനാണ് ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ്. പക്ഷേ, അതുകൊണ്ട് വെളിച്ചം കിട്ടുകയില്ലെന്ന് മനസ്സിലായി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സിംഹഭാഗവും മാനേജുമെന്റ് നല്ലതാണെന്ന് സ്ഥാപിക്കാനാണ് എടുത്തത്. എന്നിട്ടാണ് ഈ സ്ഥിതി ഉണ്ടായത്. മാനേജുമെന്റ് നല്ലതായപ്പോൾ, ശ്രീ. ആര്യാടന്റെ മാനേജുമെന്റ് മെച്ചപ്പെട്ടപ്പോൾ സംഭവിച്ചത് എന്താണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം 700 കോടി രൂപയുടെ ചാർജ് വർദ്ധനവ് വരുത്തി. ഇപ്പോൾ 2000 കോടി രൂപയുടെ ചാർജ് വർദ്ധനവുണ്ടായി. ഇതാണോ, നിങ്ങളുടെ മാനേജുമെന്റിന്റെ ഗുണം. ഇവിടെ മന്ത്രി പറഞ്ഞത് കുറച്ച് ആളുകളെ മാത്രമേ ബാധിക്കുകയുള്ളൂ എന്നാണ്. 18 ലക്ഷം ആളുകളെ ഇത് ബാധിക്കും. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, പെട്ടിക്കച്ചവടം ചെയ്യുന്നവർ, ചെറുകിട വ്യാപാരികൾ തുടങ്ങിയവരെയൊക്കെ ഇത് ബാധിക്കും. മന്ത്രി പറയുന്നത് പെട്ടിക്കച്ചവടം ചെയ്യുന്നവരെല്ലാം ധനവാന്മാരാണെന്നാണ്. 300 യൂണിറ്റിനുമേൽ വൈദ്യുതി ഉപയോഗിക്കുന്നവരൊക്കെ ഗോയങ്കയും ബിർലയും

ടാറ്റയുമാണെന്നു പറയാൻ ശ്രീ. ആര്യാടൻ മുഹമ്മദിനല്ലാതെ ഒരാൾക്കെങ്കിലും സാധിക്കുമോ? ഇതാണോ ഈ ഗവൺമെന്റിന്റെ നിലപാട്? ഇവിടെ മൂവായിരത്തോളം വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ ഒരു ലക്ഷം തൊഴിലാളികൾക്ക് പണിയില്ലാതെ വരും. വ്യവസായവകുപ്പുമന്ത്രിക്ക് എന്താണ് പറയയാനുള്ളത്? കേരളത്തിൽ വ്യവസായത്തെ ശവപറമ്പാക്കി മാറ്റാനാണോ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ തീരുമാനം. എമർജിംഗ് കേരള പ്രഖ്യാപിച്ച് വ്യവസായ സ്ഥാപനങ്ങളെ ഈ സ്ഥിതിയിലാക്കിയാൽ ആരാണ് ഇങ്ങോട്ട് വ്യവസായം ആരംഭിക്കാൻ വരാൻ പോകുന്നത്? ആരെങ്കിലും വരുമോ? ഇലക്ട്രിസിറ്റി ഇല്ലാത്ത സ്റ്റേറ്റിൽ ആര് വ്യവസായം നടത്താൻ വരും? പവർകട്ടുള്ള സ്റ്റേറ്റിൽ ആര് വരും? ഇടതുപക്ഷ ഭരണകാലത്ത് ചെങ്കുളം ഡാമിലൊരു പൊട്ടിത്തെറി ഉണ്ടായപ്പോൾ കുറച്ചു ദിവസത്തേയ്ക്ക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി. ആ ലോഡ്ഷെഡ്ഡിംഗിന്റെ ഉത്തരവും പൊക്കിപ്പിടിച്ചുകൊണ്ടാണ് നിങ്ങളുടെ കാലത്ത് പവർകട്ട് കൊണ്ടുവന്നിരിക്കുന്നു എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നത്. യഥാർത്ഥത്തിൽ 15 വർഷം മുമ്പുള്ള സ്ഥിതിയിലേക്ക് കേരളത്തെ കൊണ്ടുപോയി. 15 വർഷം മുമ്പ് കേരളത്തിന്റെ അവസ്ഥ ഇതായിരുന്നു. ഒന്നര കൊല്ലംകൊണ്ട് 15 വർഷം മുന്നിലേയ്ക്കുള്ള കേരളമാക്കി ഇലക്ട്രിസിറ്റി രംഗത്തെ മാറ്റാൻ ശ്രീ. ആര്യാടൻ മുഹമ്മദിനല്ലാതെ ആർക്കെങ്കിലും സാധിക്കുമോ? കഴിവുള്ള ഒരു മന്ത്രിയായിരുന്നു ശ്രീ. ആര്യാടൻ മുഹമ്മദ്. അദ്ദേഹത്തിന് എന്തുപറ്റി? അദ്ദേ

ഹത്തെ കുഴപ്പത്തിലാക്കാൻ ആരോ അപ്പുറത്തുനിന്ന് ശ്രമിക്കുന്നുണ്ട്. അതിന്റെ ഫലമായിട്ടാണ് ഇത്രമാത്രം ഗുരുതരമായ സ്ഥിതി ഉണ്ടായത്. വെള്ളം ഡാമിലില്ല എന്ന് അദ്ദേഹം പറഞ്ഞു? ഈ സ്ഥിതി ആരുണ്ടാക്കി? ഞങ്ങളാണോ ഉണ്ടാക്കിയത്? ഈ മന്ത്രിസഭയിലെ ഇറിഗേഷൻ വകുപ്പു മന്ത്രി മുല്ലപ്പെരിയാർ ഡാം പൊട്ടാൻപോകുന്നുവെന്ന് പറഞ്ഞപ്പോൾ ആ ഡാമിലെ വെള്ളം സൂക്ഷിച്ചു വയ്ക്കാതെ, ഇടുക്കി ഡാമിലെ വെള്ളം മുഴുവൻ ഒഴുക്കി കളഞ്ഞു. ഇതാണ് ഇപ്പോഴുള്ള പ്രതിസന്ധിക്ക് കാരണം. ഇടുക്കി ഡാമിൽ വെള്ളമില്ലാതാക്കിയത് ഞങ്ങളാണോ? ഈ ഗവൺമെന്റിന്റെ പ്ലാനിംഗ് എന്താണെന്ന് തെളിയിക്കുന്ന സംഭവമാണിത്.

<u>മി. സ്പീക്കർ</u> : മുല്ലപ്പെരിയാർ പ്രശ്നം റീ-ഓപ്പൺ ചെയ്യണ്ട.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ഞാൻ മുല്ലപ്പെരിയാർ വിഷയത്തിലേയ്ക്ക് പോകുന്നില്ല. പക്ഷേ ഡാമിലെ വെള്ളം പോയി. ശ്രീ. ആര്യടൻമുഹമ്മദിന്റെ മാനേജുമെന്റ് ശ്രീ. എ.കെ. ബാലനെക്കാൾ നന്നായപ്പോൾ ഡാമിലെ വെള്ളം മുഴുവൻ പോയി. അതാണ് ആ മാനേജുമെന്റിന്റെ ഗുണം. കേരളത്തിലുണ്ടായിട്ടുള്ള പ്രതിസന്ധിയെ അദ്ദേഹം ലഘൂകരിച്ചുകൊണ്ട് പറഞ്ഞത് കുറച്ചു ആളുകൾക്കുമാത്രമേ ബാധിക്കുകയുള്ളൂ എന്നാണ്. 5.7 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഇതിന്റെ ഭാഗമായി മിച്ചമുണ്ടാകുമെന്ന് റെഗുലേറ്ററി കമ്മീഷൻ പറഞ്ഞിരിക്കുന്നത്. ഇത് ആരെയും ബാധിക്കാത്തതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കാൻ പോകുന്നുണ്ടോ? സാധാരണക്കാരായ

ആളുകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു തീരുമാനം തന്നെയാണിത്. കൽക്കരി പാടത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിക്കാനുള്ള കൽക്കരി പാടം വൈതരണിയിൽ കേന്ദ്രഗ വൺമെന്റ് അനുവതിച്ചത് എടുക്കാത്തതിന്റെ കാരണമെന്താണ്? ഇന്നത്തെ മലയാള മനോരമ പത്രം പറയുന്നത്, ആറു മാസംമുമ്പ് അവർ അയച്ച കത്തിന് ഒരു മറുപടിയും കൊടുത്തില്ല എന്നാണ്. മാനേജുമെന്റ് വൈവിദ്ധ്യമായതുകൊണ്ട് മറുപടിപോലും പോയിട്ടില്ല. ആ പദ്ധതിക്കു വേണ്ടി നിങ്ങൾ എന്തു ചെയ്തു? ബഹുമാനപ്പെട്ട മന്ത്രിമാരും മുഖ്യ മന്ത്രിയുമുൾപ്പെടെ ആഴ്ച തോറും ഡൽഹിയിലേയ്ക്ക് പറക്കുന്നു ണ്ടല്ലോ? എല്ലാ ആഴ്ചയും ഡൽഹിയിലേയ്ക്ക് മന്ത്രിമാർ പോകുന്നു. മന്ത്രിമാർ ആഴ്ചതോറും ഡൽഹിയിൽ പോയതിനുശേഷവും നിങ്ങൾക്കു ണ്ടായ അവസ്ഥ ഇതാണോ? മുഖ്യമന്ത്രിയും മന്ത്രിപരിവാരങ്ങളും ആഴ്ചതോറും ഡൽഹിയിൽ പോയിട്ടും 281 മെഗാവാട്ട് അൺഅലോക്കേ റ്റഡ് വൈദ്യുതി നമുക്ക് നഷ്ടപ്പെട്ടു. എട്ട് കേന്ദ്രമന്ത്രിമാർ ഉണ്ടായിട്ടും, കേരളത്തിന് കിട്ടികൊണ്ടിരുന്ന വൈദ്യുതി ആന്ധ്രയിലേയ്ക്ക് തിരിച്ചുവിട്ട പ്പോൾ ഇടപെടാൻ കേന്ദ്രത്തിൽ ഒരു മന്ത്രിയെങ്കിലുമുണ്ടായോ? നമ്മുടെ സംസ്ഥാനത്തിനുവേണ്ടി വാദിക്കാൻ ആരെങ്കിലുമുണ്ടോ? ഈ ഗുരുതര മായ സ്ഥിതിവിശേഷം സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് പ്രതി സന്ധി ഉണ്ടാക്കുമെന്ന്, മാത്രമല്ല ചെറുകിട വ്യവസായങ്ങൾ നശിക്കു മെന്നു മാത്രമല്ല, കാർഷിമേഖല തന്നെ പ്രതിസന്ധിയിലാകും. വിദ്യുച്ഛക്തി

ഉപയോഗിച്ചുകൊണ്ടു നടത്തുന്ന എല്ലാ കാർഷികമേഖലയും പ്രതിസന്ധിയിലാകും. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ മുഴുവൻ നശിക്കും. വ്യവസായവകുപ്പു മന്ത്രിക്കു ഇതിലുള്ള പ്രതിഷേധമാണെന്നു തോന്നുന്നു അദ്ദേഹം പുറത്തേയ്ക്കുപോയി. വ്യവസായ സ്ഥാപനങ്ങളെ നശിപ്പിക്കുന്ന ഈ തീരുമാനത്തിന് കൂട്ടുനിൽക്കാൻ വ്യവസായ വകുപ്പുമന്ത്രിക്ക് എങ്ങനെ സാധിച്ചു.? അതുകൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം നടപ്പിലാക്കരുത്. നാളെ മുതൽ നടപ്പിലാക്കുമെന്നാണ് കേൾക്കുന്നത്. ഊർജ്ജ ദിനം പ്രഖ്യാപിച്ച ദിവസം തന്നെയാണ് കേരളത്തിൽ ഇത് നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രഖ്യാപനം വന്നത്. വൈദ്യുതിയുടെ കാര്യത്തിൽ, ഊർജ്ജ സംരക്ഷണത്തിൽ ഒന്നാം സ്ഥാനത്തായിരുന്നു കേരളം. ഇപ്പോൾ രണ്ടാം സ്ഥാനത്തായി. അതാണ് നേട്ടം. ഈ കുടിശ്ശികതുകയൊന്നും പിരിച്ചെടുക്കാത്തതുകൊണ്ടാണ് ഈ ചാർജ് വർദ്ധനവ് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കേണ്ടി വന്നത്. 878 രൂപ കുടിശ്ശികയാണ്. ഈ കുടിശ്ശിക പിരിച്ചെടുത്തിരുന്നെങ്കിൽ ഇത്തരമൊരു പ്രതിസന്ധി വരില്ലായിരുന്നു

<u>മി. സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അടിയന്തര പ്രമേയ ത്തിന് സമയം അനുവദിച്ചു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറഞ്ഞതുപോലെ വിശദമായ ഒരു ചർച്ചയ്ക്കുള്ള സന്ദർഭം അല്ല ഇത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിന്മേൽ പ്രതിപക്ഷത്തിനുള്ള അവകാശമാണിത്. അടിയന്തര പ്രമേയം ചർച്ചയ്ക്കെടുത്തിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും അവസാനം മറുപടി പറയാമായിരുന്നു.

മി. സ്പീക്കർ: ഞാൻ പ്രതിപക്ഷത്തിന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നില്ല.

ശ്രീ. എ.കെ. ബാലൻ: ശ്രീ. ആര്യാടൻ മുഹമ്മദ് മറുപടി പറഞ്ഞപ്പോൾ ഞാൻ എഴുന്നേറ്റില്ല. എനിക്ക് സമയം ലഭിക്കുമെന്ന് വിചാരിച്ചു.

മി. സ്പീക്കർ: അങ്ങനെ സമയം ലഭിക്കില്ല. കക്ഷി നേതാക്കന്മാരോട് സംസാരിക്കണ്ട എന്നല്ല പറഞ്ഞത്. വെള്ളിയാഴ്ച ആയതുകൊണ്ട് സമയ നിബന്ധന സൂചിപ്പിച്ചു എന്നേയുള്ളൂ. എനിക്ക് ബിസിനസ് തീർക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2000 കോടി രൂപയുടെ ചാർജ്ജ് വർദ്ധന വരുത്തിയ വിഷയത്തെക്കുറിച്ച് ഇവിടെ പറയേണ്ട എന്നാണോ? അരിയുടെ വില 50 രൂപയായി വർദ്ധിച്ചു, എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചു. അവസാനം വൈദ്യുതിക്കുകൂടി വില വർദ്ധിപ്പിച്ചിട്ട് ഇതൊന്നും ഇവിടെ പറയേണ്ട എന്നുപറഞ്ഞാൽ ഞങ്ങൾ എവിടെപ്പോയി പറയും?

മി. സ്പീക്കർ: ഇവിടെ പറയേണ്ട എന്നല്ല പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഒരു തീരുമാനം വന്നാൽ പ്രതിപക്ഷത്തിന് അതിനെതിരായി പോരാടേണ്ടി വരും. അതുകൊണ്ട് ഞങ്ങൾ പറയുന്ന കാര്യങ്ങൾക്ക് ഭരണപക്ഷത്തിന് മറുപടി പറയണമെന്നുണ്ടെങ്കിൽ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പറയുന്ന മറുപടി മുഴുവൻ കേൾക്കാൻ ഞങ്ങൾ തയ്യാറാണ്.

മി. സ്പീക്കർ: ഇതൊരു പുതിയ സഭയല്ല. അടിയന്തര പ്രമേയചർച്ച നടക്കുന്നത് ആദ്യമായല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന് എല്ലാകാര്യങ്ങളും അറിയാം. അങ്ങ് പ്രസംഗം എത്രയുംവേഗം അവസാനിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പുതിയ കാര്യങ്ങൾ പറയുമ്പോൾ ഗവൺമെന്റിന് മറുപടി പറയാനുള്ള അവസരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ചർച്ചയ്ക്ക് എടുക്കണമെന്ന് പറയുന്നത്. ഞാൻ പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയണമെന്നുണ്ടെങ്കിൽ ഈ വിഷയം ചർച്ചയ്ക്കെടുക്കണം. എന്ത് വേണമെങ്കിലും കേട്ടിരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ നിന്നിറങ്ങുമ്പോൾ ട്രഷറിയിൽ 2500 കോടി രൂപ മിച്ചമുണ്ടായിരുന്നു. പെൻഷൻ പ്രായം ഒരുകൊല്ലം നീട്ടിക്കൊടുത്തപ്പോൾ 3000 കോടിരൂപ വീണ്ടും മിച്ചം വന്നു. അപ്പോൾ പൈസയില്ലാത്തതല്ല പ്രശ്നം. അതുകൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്ന ഈ ചാർജ്ജ് വർദ്ധനയ്ക്ക് കൂട്ടുനിൽക്കാൻ ഞങ്ങൾക്ക് സാധി

ക്കില്ല. സാധാരണക്കാരനെ പ്രതിസന്ധിയിലാക്കുന്ന, ചെറുകിട വ്യവസായങ്ങളെ മുഴുവൻ നശിപ്പിക്കുന്ന ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ പല വിധത്തിലുള്ള ദുരിതങ്ങൾ അനുഭവിക്കുകയാണ്. ഇടിവെട്ടിയവനെ പാമ്പ് കടിച്ചതുപോലെയാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പരിഷ്കാരം. സാധാരണഗതിയിൽ മന്ത്രിമാർ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുകയാണ് പതിവ്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി പരിചയസമ്പന്നനും കഴിവുമുള്ള, ഒന്നിലധികം തവണ മന്ത്രിയായിരുന്ന അദ്ദേഹം കേരളത്തിന്റെ വൈദ്യുതി ബോർഡ് കൈകാര്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട നീതി പാവപ്പെട്ട ആളുകൾ പ്രതീക്ഷിച്ചതാണ്. പക്ഷേ കിട്ടിയില്ല. അദ്ദേഹം പറഞ്ഞ കണക്കുകൾ ഏതാണെന്ന് സഭയ്ക്ക് സംശയമുണ്ട്. വളരെ ചെറിയ വിഭാഗത്തിന് മാത്രമേ ഇത് ബാധമാവുകയുള്ളൂ എന്നാണ് അദ്ദേഹം പറഞ്ഞത്. നേരത്തെ വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തി

രുന്ന ശ്രീ. എസ്. ശർമ്മ 18 ലക്ഷത്തിന്റെ കണക്കാണ് പറഞ്ഞത്. ഏതാണ് എന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല. എത്രപേരാണ് ഇതു മൂലം അപകടത്തിൽപ്പെടാൻ പോകുന്നത്? ഇത് നിർത്തിവയ്ക്കുന്നതിൽ എന്താണ് തടസ്സം? ഇലക്ട്രിസിറ്റി ബോർഡിന്റെ ഫിനാൻഷ്യൽ മാനേജു മെന്റ് പരിശോധന നടത്തുന്നുണ്ടോ? ഈ രാജ്യത്ത് വരുന്ന ഭരണപരമായ പരാജയങ്ങൾക്ക് ജനങ്ങളെ പീനലൈസ് ചെയ്യുന്നതാണോ പരിഹാരം? നെല്ലിന് വില കൂട്ടിക്കൊടുക്കണമെങ്കിൽ, പാവപ്പെട്ടവന് റേഷൻകടയിൽ നിന്നുലഭിക്കുന്ന അരിക്ക് വില കൂട്ടുന്നത് നീതിയാണോ? വൈദ്യുതി ബോർഡിന് സാമ്പത്തിക പരാധീനത വന്നാൽ വൈദ്യുതി ചാർജ് കൂട്ടി യാണോ പരിഹാരം കാണുന്നത്? കേരളത്തിലെ കുത്തക കമ്പനികളിൽ നിന്ന് എത്ര കോടി രൂപയാണ് വൈദ്യുതി ബോർഡ് പിരിച്ചെടുക്കാനുള്ള ത്? പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ആയിരം കോടിയിൽപ്പരം രൂപ പിരിച്ചെടുക്കാനുണ്ട്. അത് പരിച്ചെടുക്കുന്നതിന് ഒരു എൻഫോ ഴ്സ്മെന്റുമില്ല. കുത്തക കമ്പനികൾ വൈദ്യുതി മോഷണം നടത്തുന്നു ണ്ട്. പക്ഷെ പവർ തെഫ്റ്റ് കണ്ടുപിടിക്കാൻ സ്ക്വാഡില്ല. അത് ചെയ്യേണ്ട തല്ലേ? ബഹുമാനപ്പെട്ട മന്ത്രി വസ്തുതകൾ തുറന്നുപറഞ്ഞില്ല. കേരള ത്തിന് 231.17 മെഗാവാട്ട് വൈദ്യുതി നൽകിക്കൊണ്ടിരുന്നത് 2012 ജൂൺ 26-ലെ ഓർഡർ വഴി 100 മെഗാവാട്ടാക്കി കുറച്ചു. 131 മെഗാവാട്ട് വൈദ്യുതിയാണ് കുറച്ചത്. 135 മെഗാവാട്ട് നൽകിയിരുന്നത് 2012

ജൂലൈ 28-ൽ 100 മെഗാവാട്ട് കുറച്ച് 35 മെഗാവാട്ട് ആക്കി. അങ്ങയുടെ കൈവശമുള്ള ഓർഡറാണിത്. 100 മെഗാവാട്ട് തന്നുകൊണ്ടിരുന്നത് 2012 നവംബറിൽ 50 മെഗാവാട്ടായി കുറച്ചു. കേന്ദ്രം ഈ മൂന്ന് ഉത്തര വുകളിലൂടെ കേരളത്തിന് നൽകിക്കൊണ്ടിരുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കാൻ എന്താണ് കാരണം? കേന്ദ്രം നൽകുന്ന റേഷൻ, പവർ തുട ങ്ങിയവയുടെ ക്വാട്ട കുറയ്ക്കുന്നതിനെ ന്യായീകരിക്കുന്നത് ശരിയാ ണോ? സെൻട്രൽ പവർ ഗ്രിഡിൽ നിന്ന് കേരളത്തിന് ലഭിക്കാൻ അർഹത യുള്ള പവർ വാങ്ങിയെടുക്കണം. ഒറീസയിൽ നിന്ന് നമുക്ക് ലഭിച്ചുകൊ ണ്ടിരുന്ന വൈദ്യുതി ക്യാൻസൽ ചെയ്യാനുള്ള അധികാരം അവർക്കില്ല. കേന്ദ്രം കാണിച്ചത് തെറ്റാണ്. കേരളത്തിലെ പവർ ക്രൈസിസിനെക്കു റിച്ച് നിയമസഭ സംയുക്തമായി പ്രമേയം പാസ്സാക്കി കേന്ദ്രത്തിന് നിവേ ദനം നൽകാൻ ഗവൺമെന്റ് തയ്യാറുണ്ടോ? കേരളത്തിലെ ഇത്തരം പ്രശ്ന ങ്ങളിൽ സമവായം വേണമെന്നാണല്ലോ മുഖ്യമന്ത്രി പറയുന്നത്. സമവാ യത്തിന് ഞങ്ങൾ തയ്യാറാണ്. കേരളം നേരിടുന്ന ഗുരുതരമായ പ്രശ്ന ങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിൽ സംയുക്തമായ നിവേദനം നൽകി കേര ളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. ഇരട്ടി ചാർജ് ഈടാക്കുന്നത് അങ്ങയുടെ ഓർമ്മയിൽ എപ്പോഴെങ്കിലും കേട്ടിട്ടു ണ്ടോ? ഈ ഗുരുതരമായ അവസ്ഥ ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത നടപ ടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ആര്യാടൻ മുഹമ്മദിന്റെ വാക്വൈഭവംകൊണ്ട് 40 വോൾട്ട് ബൾബെങ്കിലും കത്തിക്കാൻ കഴിയുമായിരുന്നുവെങ്കിൽ കേരളത്തിൽ വൈദ്യുതി പ്രതിസന്ധി ഉണ്ടാകുമായിരുന്നില്ല. 300 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നത് ചുരുക്കം ചില ഭവനങ്ങളിൽ മാത്രമാണെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി സൂചിപ്പിച്ചത്. ദിവസേന 10 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കാത്ത വീടുകൾ വളരെ കുറവാണ്. ഫ്രിഡ്ജില്ലാത്ത വൈദ്യുത തേപ്പുപെട്ടിയില്ലാത്ത ഒരു വീടുണ്ടോ? ഇവിടെയിരിക്കുന്ന എം.എൽ.എ-മാരിൽ ബഹുഭൂരിപക്ഷവും ദിവസേന 10 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരാണ്. അവരെല്ലാവരും സമ്പന്നരാണെന്ന ധാരണ എനിക്കില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി താമസിക്കുന്ന മൻമോഹൻ ബംഗ്ലാവിൽ ഒരു ദിവസം ഉപയോഗിക്കുന്ന വൈദ്യുതിയുടെ കണക്ക് വ്യക്തമാക്കാമോ? 300 യൂണിറ്റ് എന്നത് ഒരു ശരാശരി കുടുംബം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ യൂണിറ്റുതന്നെയാണ്. ഗവൺമെന്റിന്റെ നിഷ്ക്രിയത്വമാണ് ഇവിടെയുള്ള പ്രശ്നം. വൈതരണി പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര പൊതുമേഖലാ

സ്ഥാപനമായ എൻ.റ്റി.പി.സി-യുമായി സർക്കാർ ചർച്ച നടത്തിവരികയാണെന്ന് ചൊവ്വാഴ്ച നിയമസഭയിൽ ശ്രീ. പാലോട് രവിയുടെ 368-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. ഇതിലേയ്ക്കായി കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യം പരിശോധിച്ചുവരികയാണെന്ന് നിയമസഭയിൽ തന്ന മറുപടിയാണ്. എന്നാൽ വെള്ളിയാഴ്ചയിലെ പത്രത്തിൽ വൈതരണി പദ്ധതി ഇല്ലാതായതായാണ് വാർത്ത വന്നത്. സംസ്ഥാന സർക്കാരിന്റെ നിഷ്ക്രിയത്വം കാരണമാണ് 1000 മെഗാവാട്ട് ശേഷിയുള്ള ഒരു താപ വൈദ്യുതി നിലയം നമുക്ക് നഷ്ടപ്പെടുന്നത്. കേന്ദ്ര വിഹിതമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി നൽകാത്തതിനോട്, അതിനോട് പ്രതികരിക്കാൻപോലും ഗവൺമെന്റ് തയ്യാറാകുന്നില്ല. നിഷ്ക്രിയത്വത്തിന്റേയും നിസ്സംഗതയുടേയും പ്രതീകമായി ഈ സർക്കാർ മാറുന്നതുകൊണ്ടാണ് വൈദ്യുതി പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്നത്. വൈദ്യുതി പ്രതിസന്ധി ഏതെല്ലാം മേഖലകളിൽ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നുള്ളതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വ്യാവസായിക മേഖല, തൊഴിൽ മേഖല, കാർഷിക മേഖല തുടങ്ങി സമസ്ത മേഖലകളിലും ദോഷഫലങ്ങൾ ഉണ്ടാക്കുന്ന ഈ പ്രതിസന്ധിയെ സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുമ്പോൾ അത് നാട്ടിലെ ജനങ്ങളുടെ ജീവിതപ്രശ്നമായി കണ്ട്, അതിനോട് ക്രിയാത്മകമായ സമീപനം

സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടിയിരുന്നു. ജനവിരുദ്ധമായ നടപടികളിൽ ജനങ്ങളോടൊപ്പം നിൽക്കേണ്ട ഗവൺമെന്റ് ജനവിരുദ്ധ നടപടികൾ ഓരോന്നായി അടിച്ചേൽപ്പിക്കുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ.എ. അസീസ്: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പു മന്ത്രി ഏതെല്ലാം തരത്തിലുള്ള മറുപടി പറഞ്ഞാലും ജനങ്ങളാരും വിശ്വസിക്കുകയുമില്ല. കാരണം രാത്രിയും പകലുമായി ഒരു മണിക്കൂർ പവർകട്ട്. ലോഡ് ഷെഡിംഗ്, പവർകട്ടുതന്നെയാണ്. അതോടൊപ്പം വ്യാവസായിക മേഖലയിലും പവർകട്ട് നടപ്പാക്കുന്നതോടുകൂടി അനേകായിരം തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടും. വൈദ്യുതി ബോർഡിൽ മിസ്മാനേജ്മെന്റാണെന്ന് പറയുമ്പോൾ നല്ല മാനേജുമെന്റാണെന്നു പറഞ്ഞ് മന്ത്രി എത്ര ന്യായീകരിച്ചാലും ശരി, മന്ത്രി നല്ല മാനേജ്മെന്റാണ്, പക്ഷേ വൈദ്യുതി ബോർഡിൽ കെടുകാര്യസ്ഥതയുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എൽ.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിലും പവർകട്ടുണ്ടായിരുന്നു എന്ന് ഇവിടെ പറഞ്ഞു.

വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന നിലയങ്ങളിൽ പൊട്ടിത്തെറി ഉണ്ടായതിന്റെ ഫലമായി 9 മാസം പവർകട്ട് ഉണ്ടായിരുന്നു. അതല്ലാതെ ഒരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. അങ്ങനെ അന്ന് പൊട്ടിത്തെറിയുണ്ടായപ്പോൾ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ.കെ. ബാലൻ അവിടെ ക്യാമ്പ് ചെയ്തുകൊണ്ട് പത്ത് ഇരുന്നൂറ്റി അൻപത് എഞ്ചിനീയർമാർ വഴി യുദ്ധകാലാടിസ്ഥാനത്തിലാണ് ആ സ്റ്റേഷന്റെ പ്രവർത്തനം സാധാരണ നിലയിലാക്കിയത്. അപ്പോഴല്ലാതെ ഏത് കാലഘട്ടത്തിലാണ് പവർകട്ട് ഉണ്ടായിരുന്നത്? 140 നിയോജക മണ്ഡലങ്ങളിൽ കൊല്ലത്തെ 5 നിയോജക മണ്ഡലങ്ങൾ, എന്റെ നിയോജകമണ്ഡലവും ശ്രീ. ഷിബു ബേബി ജോണിന്റെ നിയോജക മണ്ഡലമായ ചവറയും ഉൾപ്പെടെ 85 നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കി. അവിടെ മണ്ണെണ്ണവിളക്ക് കത്തിക്കുന്ന ഒരു വീടുപോലും ഉണ്ടായിരുന്നില്ല. എല്ലാ വീടുകളിലും വൈദ്യുതി,. അവിടെ പോസ്റ്റ് ഇട്ട് വൈദ്യുതി കൊടുക്കേണ്ട പാവങ്ങളായിട്ടുള്ള ആളുകൾക്ക് മുഴുവനും പോസ്റ്റ് ഇട്ടു കൊടുത്ത ഒരു കാലഘട്ടമാണ് ആ 5 കൊല്ലക്കാലം. അതാണ് ഞാൻ പറഞ്ഞത്, മന്ത്രി ഏതുതരത്തിൽ ന്യായീകരിച്ചാലും അത് ജനങ്ങൾ വിശ്വസിക്കില്ല എന്ന്. അതോടൊപ്പം ഞാൻ നിയമസഭയിൽ പറഞ്ഞതാണ്, യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള 18 മാസക്കാലഘട്ടംകൊണ്ടാണല്ലോ ഇടിത്തീ വീണതുപോലുള്ള ഈ സംഭവമുണ്ടായത്. അതിന് മുമ്പ് ഇല്ലായിരുന്നല്ലോ. ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ

ക്കാർക്കും വികലാംഗർക്കും ബി.പി.എൽ. വിഭാഗകാർക്കും സൗജന്യമായി പോസ്റ്റിട്ട് കറന്റ് കൊടുക്കുമോ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 100 പോസ്റ്റിട്ട് വേണമെങ്കിലും കറന്റ് കൊടുക്കുമെന്നാണ്. ഒരു പോസ്റ്റുപോലും ഇട്ടുകൊടുക്കുന്നില്ല. മന്ത്രിക്ക് അവിടെ പറയാം. പക്ഷേ ഞങ്ങൾ തരില്ലെ ന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ആ കാര്യം ഞാൻ നിയമസഭയിൽ പറഞ്ഞതാണ്. പട്ടികവർഗ്ഗ/പട്ടികജാതിക്കാരനും വികലാംഗർക്കും അന്ധൻമാർക്കും ബി.പി.എൽ. വിഭാഗകാർക്കും പോസ്റ്റിട്ട് വൈദ്യുതി കൊടുക്കുന്ന കാര്യംപോലും നിറുത്തലാക്കി. അത് ആരുടെ കെടുകാര്യസ്ഥതയാണ്? അതാണ് ഞാൻ പറഞ്ഞത്, മന്ത്രി നല്ല മാനേജുമെന്റാണ്, വൈദ്യുതി ബോർഡിൽ മിസ്മാനേജ്മെന്റാണെന്ന് അവിടെ കെടുകാര്യസ്ഥതയുണ്ട്. അതാണ് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: സർ, കേരളത്തിലെ 95 ശതമാനം ഉപഭോക്താക്കളുടേയും തലയിൽ ഇടിത്തീ വീഴുംപോലെയാണ് 300 യൂണിറ്റിന് മുകളിലുള്ള വൈദ്യുതിക്ക് അധിക ചാർജ്ജ് ഈടാക്കണമെന്ന റെഗുലേറ്ററി കമ്മീഷന്റെ ശുപാർശയുണ്ടായത്. ജനങ്ങളോട് തെല്ലെങ്കിലും

താൽപ്പര്യമുണ്ടായിരുന്നെങ്കിൽ ആ നിർദ്ദേശത്തിൽ ഭേദഗതി വരുത്താൻ അധികാരമുണ്ടായിരിക്കെ അങ്ങനെ ആലോചിക്കാമെന്നുകൂടി പറയാനുള്ള സന്നദ്ധത കാണിക്കാതെ, ഈ പ്രശ്നം ജനപക്ഷത്തുനിന്ന് ചർച്ച ചെയ്യാൻ പോലും സമ്മതിക്കാത്ത ഒരു നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2000 കോടി രൂപയുടെ അധിക ബാധ്യതയെന്ന് പറയുമ്പോൾ അത് ഈ കേരളത്തിന് താങ്ങാൻ കഴിയുന്നതാണോ? വ്യവസായമേഖലയുടെ ചരമഗീതമാണ് ഈ തീരുമാനത്തോടുകൂടി ഉണ്ടായിട്ടുള്ളത്. അങ്ങനെയൊക്കെ ഉണ്ടായിട്ടും സഭാനടപടികൾ നിറുത്തി വച്ച് ഇത് ചർച്ച ചെയ്യണമെന്ന ആവശ്യത്തോട് എന്തിനാണ് ഇത്ര നിഷേധാത്മകമായ നിലപാട് സ്വീകരിച്ചത്? വൈദ്യുതി മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ മലയാള മനോരമ വാർത്ത തെറ്റാണെന്ന് പറയുകയുണ്ടായി. കേരളത്തിന് അവകാശപ്പെട്ട വൈദ്യുതി ആന്ധ്രയ്ക്ക് കൊടുത്തുവെന്നും കൽക്കരിപ്പാടം റദ്ദാക്കിയെന്നുമുള്ള വാർത്തകൾ തുടരെത്തുടരെ പ്രസിദ്ധീകരിക്കുന്നതിന്റെ പിന്നിൽ മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെ ഒറ്റപ്പെടുത്തി, മറ്റെന്തെങ്കിലും രാഷ്ട്രീയം കളിക്കാനുള്ള ദുരുദ്ദേശമുണ്ടോ എന്നുകൂടി ഈ ഗവൺമെന്റും പ്രത്യേകിച്ച് ശ്രീ. ആര്യാടൻ മുഹമ്മദും ആലോചിക്കേണ്ടതുണ്ട്. ഇത്രയേറെ ഗുരുതരമായ ഗൂഢാലോചനകൾ നടന്നുവെന്ന് മന്ത്രിതന്നെ സംശയിക്കുന്ന ഇത്തരം പ്രശ്നം സഭ നിറുത്തി വച്ച് ചർച്ച ചെയ്തിരുന്നുവെങ്കിൽ കല്ലും നെല്ലും പതിരുമെല്ലാം തിരിച്ചറിയുവാൻ കഴിയുമായിരുന്നു. അങ്ങനെയൊരു അവസരം നിഷേധിച്ച

ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി).

(സഭയിൽ നിന്നും പറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ വാക്കൗട്ടിന് മുമ്പ് നടത്തിയ പ്രസംഗത്തിൽ, ഈ പ്രശ്നങ്ങളൊന്നും കേന്ദ്രത്തിൽ ധരിപ്പിച്ചില്ല, മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയുമൊക്കെ എന്ത് ചെയ്തുവെന്ന് ചോദിച്ചു. നവംബർ മാസം 29-ാം തീയതി ഞാനും മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദും ഗവൺമെന്റ് തലത്തിൽ മാത്രമല്ല രാഷ്ട്രീയതലത്തിൽ കൂടി അതിന് പ്രാധാന്യം കൊടുക്കാൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല, അങ്ങനെ ഞങ്ങൾ മൂന്നുപേരും കൂടിയാണ് പുതുതായി ചാർജ്ജെടുത്ത കേന്ദ്ര വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ജ്യോതിരാജ് സിന്ധ്യയെ കണ്ടത്. അദ്ദേഹത്തോട് മൂന്ന് ആവശ്യങ്ങൾ ഉന്നയിച്ചു. ഒന്ന്, അൺഅലോട്ടഡ് ക്വാട്ടയിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി വേണം. രണ്ട്, കൂടംകുളം പദ്ധതിയിൽ നിന്നും നമക്കുള്ള വിഹിതം ഒരു കാരണവശാലും കുറയ്ക്കാൻ പറ്റില്ല. മൂന്ന്,

കൽക്കരിപ്പാടത്തിന്റെ അനുമതിയുമാണ്. അദ്ദേഹം വളരെ അനുഭാവ പൂർവ്വമായ മറുപടിയാണ് നൽകിയത്. എത്രയും വേഗം അതിനുള്ള അനുകൂല പ്രതികരണവും ഉത്തരവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അങ്ങനെയുള്ള അവസരത്തിൽ നമ്മൾ ആഗ്രഹിക്കുന്നതുപോലെ ഒരു പക്ഷേ നടന്നില്ലായിരിക്കാം. പക്ഷേ കേരളത്തിന്റെ താൽപ്പര്യം ശ്രദ്ധിക്കപ്പെടാതെ പോയി എന്ന്  പറഞ്ഞാൽ അത് ശരിയല്ല. ഞങ്ങൾ ഇതിനായി കേന്ദ്ര വൈദ്യുതി വകുപ്പുമന്ത്രിയെ പോയി കണ്ടിരുന്നു. തെറ്റായ പ്രചരണം ഒരിക്കലും ശരിയല്ല. കുടിശ്ശികയുടെ കാര്യം ഇവിടെ പറഞ്ഞു. ഗവൺമെന്റിന് പിരിക്കാൻ സാധിക്കുന്ന സ്വകാര്യ മേഖലയിൽ 100 കോടി രൂപ മാത്രമാണ് കുടിശ്ശികയുള്ളത്. ബാക്കിയെല്ലാം ഒന്നുകിൽ ഗവൺമെന്റ് അല്ലെങ്കിൽ കോടതി സ്റ്റേയാണ്. അതാണ് സ്ഥിതി.